
പ്രതീക്ഷ

# എഡിറ്റോറിയൽ ബോർഡ്



ഒ.മാത്യൂ

(ഹെഡ് മാസ്റ്റർ)



ജൈജു എം.ജോയി

(സ്റ്റാഫ് സെക്രട്ടറി)



ലൗലി കെ.വി

(എസ്.ആർ.ജി കൺവീനർ)



സ്വപ്ന ബി.വി

(കൈറ്റ് മിസ്ട്രസ്)



ജില്ല കെ.മാണി

(കൈറ്റ് മിസ്ട്രസ്)



അപർണ്ണ രാജ്

(ചീഫ് എഡിറ്റർ)



നന്ദന ഇ

(സബ് എഡിറ്റർ)



അനശ്വര സുരേഷ്

(മാഗസിൻ ഓർഗനൈസർ)

# ബോർഡ് മെമ്പർമാർ





നീന്തു പി ഷാജി

ഹർഷ ഗിരീഷ്





ഷാനിയ ചാക്കോ

ആൻമരിയ ജോർജ്

# ആശംസ



വിദ്യാഭ്യാസ മേഖല അന്താരാഷ്ട്ര നിലവാരത്തെ കയ്യെത്തിപ്പിടിക്കുന്ന ഇക്കാലത്ത്, അതിന്റെ ഭാഗമായി നിന്നുകൊണ്ട് പേരാവൂർ സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുന്നതോടൊപ്പം ഇത്തരം പ്രവർത്തനങ്ങൾ ഇനിയുമുണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വെരി റവ: ഡോ. തോമസ് കൊച്ചുകരോട്ട്

# ആശംസ



ഒ.മാത്യു
ഹെഡ് മാസ്റ്റർ


കൈറ്റ് ക്രൂട്ടുകാരുടെ നേതൃത്വത്തിൽ അണിയിച്ചെരുക്കിയ "പ്രതീക്ഷ" എന്ന ഡിജിറ്റൽ മാഗസിൻ ആശയ സംപുഷ്ടമായി രിക്കുന്നു. ഓരോ സൃഷ്ടിയും ഓരോ വ്യക്തിയുടെ കൈയൊപ്പായി മാറുമ്പോൾ , അത് ക്രിയാത്മകമായി മനുഷ്യന്റെ വളർച്ചയെ സ്വാധീനിക്കുന്ന ഒന്നാണ് നമ്മുടെ സർഗാത്മകശേഷികൾ, അതിലൂടെ നമ്മുടെ ബുദ്ധിശക്തിയും അറിവും വർദ്ധിക്കുന്നു. അതിനുപകരിക്കുന്ന ഒരു സൃഷ്ടിയായി ഈ 'പ്രതീക്ഷ' മാറട്ടേയെന്ന് ആശംസിക്കുന്നു. ഈ സംരംഭത്തിന് നേതൃത്വം കൊടുത്ത കൈറ്റ് കോഡിനേറ്റർമാരെയും കുട്ടികളെയും പ്രത്യകം അഭിനന്ദിക്കുന്നു.എല്ലാവർക്കും ആശംസകൾ നേർന്നുകൊണ്ട്

ഒ.മാത്യു
(ഹെഡ് മാസ്റ്റർ)

## താളുകൾ മറിക്കുമ്പോൾ


........1
വിദ്യാലയം........2
അക്ഷരത്താളുകൾ പഠിക്കുവാനെത്തിയോർ........2
സ്നേഹതീരം........3
പ്രളയം........4
പ്രളയം പഠിപ്പിച്ച പാഠം........7
തിരക്ക്........10
തിരികെയെത്തുമ്പോൾ........12
പ്രതീക്ഷ........14
നോവ്........15
കരുണയുടെ മുഖം തേടി........16
ആരാണവളുനിന്റെ ?........20
മാതൃത്വം........22
പ്രതീക്ഷകൾ........23
ജലദം ഭൂമിയോട്........24
വൃദ്ധസദനത്തിലെ നെടുവീർപ്പ്........26
നാടിനെ കണ്ണീരിലാഴ്ത്തി ആ പിഞ്ചുഹൃദയം........29
സ്ത്രീകളും സാമൂഹിക ജീവിതവും........33
യാത്ര........38
മൺമറഞ്ഞ ആചാരങ്ങൾ........40
സ്നേഹം........43
ശ്രീ ആയവൾ........45
നേരം പുലരുന്നതിനുമുൻപ് അവൾ........45
ഉണർന്ന് തന്റെ ജോലികളിലേക്ക്........45
സമയം ഒട്ടും വൈകിക്കാതെ നീങ്ങി. ക്രിസ്റ്റീന ജോണി........45
കണിക്കൊന്ന........48
സൗഹൃദം........50
അമ്മ........53
പുസ്തകങ്ങൾ........55
കേരള ബ്ലാസ്റ്റേർസ്........58
പക്ഷിയോട്........59
എന്റെ കണ്ണൂർ........60
കനലെരിയുമ്പോൾ........61


# വിദ്യാലയം



കെ.പി അശ്വതി
10B

അക്ഷരത്താളുകൾ പഠിക്കുവാനെത്തിയോർ
മെല്ലെ മറിച്ച് പഠിച്ച കാലം
ദൈവകരങ്ങളാൽ കുഞ്ഞുകുരുന്നുകൾ
സ്നേഹം നുകരുന്ന വിദ്യാലയം
കഴിവുകൾ മെല്ലെ വളർന്നു വികസിച്ച്
സ്വരങ്ങൾ ലയങ്ങളായ് മാറുന്നകാലം
വർണ്ണങ്ങൾ ചിത്രങ്ങളാകുന്ന നേരത്ത്
മനസ്സുകൾ മെല്ലെ വിടർന്നിടുന്നു
ആയിരമായിരം കാരുണ്യഹൃദയങ്ങൾ
വിദ്യാലയങ്ങളിലെത്തിടുമ്പോൾ
ഓരോ വികാരവും ചേർന്നിടുന്നല്ലോ
മാതൃവിദ്യാലയം എന്നൊറ്റചിന്തയാൽ
അഗ്നിയാണെല്ലാം തെളിക്കുന്നതെന്ന
ലോകൈകതത്വം അറിഞ്ഞിടുന്നു
രാത്രികാലങ്ങളിൽ വിളക്കുകൊളുത്തി
ഇരുളിനെ മെല്ലെ അകറ്റിടുന്നോർ
ഹൃത്തിൽ വെളിച്ചം തിളങ്ങിടുമ്പോൾ
നന്മ വിളങ്ങുന്ന ദീപമായി

# സ്നേഹതീരം



എൻ മുഖപടങ്ങളിൽ അലിഞ്ഞു
ചേരുന്നിതാ എൻ നിശാന്തസ്നേഹ
സദസ്സിൻ പടികളിൽ ചിലയ്ക്കുന്ന
കുരുവിതൻ സാഗര രാഗചിത്രത്തിൽ

ഈ സ്നേഹസന്ധ്യയിൽ ഒരു
കിനാവിൻ വസ്ത്രം എൻ മനസ്സിൽ
ഇഴനെയ്യുന്ന എൻ മനസ്സിൽ
ഗാനമാലപിക്കുന്നിതാ

സ്നേഹസാന്ദ്രമായ കളകളതിരയെ
ഇനിയെൻ മനസ്സിൽ വസന്ത
പുഷ്പം വിരിയുമോ വസന്തരാവുകൾ
പൊഴിയുമോ അതോ നിറയുകയോ

കെ പി അശ്വതി
10 B

# പ്രളയം

അറ്റമില്ലാത്ത ദുരന്തം ഇത്
അറ്റമില്ലാത്ത ദുരന്തം



കഷ്ട്പാടിൻ വേദന
ആവോളം അറിഞ്ഞവർ
ഞങ്ങൾ കേരളീയർ

അനശ്വര
(8C)

പണ്ഡിതനും പാമരനും
ഒരുപോലെ അനുഭവിച്ച ദുരന്തം

ഉള്ളിലെ തേങ്ങൽ
ഒളിച്ച് വെച്ച്
പ്രളയ ബാധിതർ
ഞങ്ങൾ തീ തിന്നുന്നു

വെള്ളപ്പൊക്കത്താൽ
വീടും കടയും
നഷ്ടപ്പെട്ട ഞങ്ങൾക്ക്
ആരാണാശ്രയം?
എന്താണിനി
മറ്റൊരു മാർഗം?

പുഴയും കരയും
വെള്ളത്താൽ ഒന്നായി


വീട്ടിലെ സാധനങ്ങൾ
നഷ്ട്പ്പെട്ടു

ഈ വെള്ളപ്പൊക്കം
ഞങ്ങൾ ഒരിക്കിലും
മറക്കാത്ത ദുരന്തം
ദുരിത ബതിതർ ഞങ്ങൾ

ബാലൻന്മാർ മുതൽ
വൃദ്ധന്മാർ വരെയുള്ളവർ
ഞങ്ങൾളിൽ
പിഞ്ചുകുഞ്ഞുങ്ങളും
ഗർഭിണികൾ
എന്നിവരും ഞങ്ങളിൽ

പ്രകൃതിയുടെ കോപം
എന്തൊരു ദുരിതം

കണ്ണീർ തുള്ളികൾ പോലും
തീജ്ജ്വാലയുടെ ചൂടിൽ



നിറയുന്നു

ഹൃദയവേദന
ഉള്ളിൽ പിടിച്ച്
ഞങ്ങൾ തേങ്ങുന്നു



# പ്രളയം പഠിപ്പിച്ച പാഠം



2018 ആഗസറ്റ്,കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ മഹാപ്രളം നമ്മുക്ക അഭിമുഖീകരിക്കേണ്ടിവന്നു ശാന്തമായി ഒഴുകികൊണ്ടിരുന്ന പുഴ സംഹാരരുപിണിയായി മാറി ആ കുത്തിയൊലിക്കലിൽ ഒരുപാട് ജനങ്ങളുടെ ജീവിതം തകർന്നടിഞ്ഞു ഒരായുസ്സമൊത്തം അധ്വാനിച്ച് സമ്പാദിച്ചതെല്ലാം ഒരൊറ്റ നിമിഷംകൊണ്ട് കൺമുന്നിൽ നിന്നു ഒലിച്ചുപോയി .

അർച്ചന മനോജ്
(10E)

സുന്ദരവും ശാന്തവുമായി ഒഴുകുന്ന പുഴക്ക് അന്ന് താളം തെറ്റി. മനുഷന്റെ ക്രൂരതകൾ സഹിക്കാൻ കഴിയാതെയായ അവൾക്ക് സങ്കടവും വിദ്വേഷവും തോന്നി. വിണ്ണിൽ നിന്നും മണ്ണിലേക്ക് പെയ്യുന്ന മഴയൊടൊപ്പം അവളും അതിശക്തയായി ഒഴുകി തന്റെ സഞ്ചാരപാതയ്ക്ക് തടസ്സം സൃഷ്ടിച്ച എല്ലാം തന്നെ അവൾ നശിപ്പിച്ചു.മനുഷ്യൻ തന്നോട് ചെയ്ത ദുഷ്ടതകൾ അവൾ സഹിച്ചു, ക്ഷമിച്ചു. പക്ഷെ അന്ന് അവൾക്ക് ക്ഷമിക്കാൻ കഴിഞ്ഞില്ല തന്റെ സൗന്ദര്യത്തിനും തെളിമയാർന്ന ജലത്തിനും വിനാശം വരുത്തിയവരെ പാഠം പഠിപ്പിക്കാൻ അവൾ തീരുമാനിച്ചു. മനുഷ്യൻ എന്ന അഹങ്കാരിക്ക് ആ മഹാപ്രളയം പുതിയ അറിവുകൾ സമ്മാനിച്ചു. ജാതി, മത, വർഗ,

വർണ്ണ വ്യത്യാസമില്ലാതെ ഇരുകൈയും കോർത്ത് അവർ മുന്നിട്ടിറങ്ങി ദുരിതത്തിൽപ്പെട്ടവർക്ക് താങ്ങായി.

കറിവരച്ചാലും കുരിശുവരച്ചാലും കുമ്പിട്ട് നിസ്കരിച്ചാലും മനുഷ്യനെന്ന വ്യക്തിക്ക് ഒരൊറ്റ ജാതിയേ ഉള്ളൂ എന്ന് നാം മനസ്സിലാക്കി. ശത്രുക്കൾ പോലും അവിടെ ഒന്നായി തീർന്നു. വലിയവനെന്നോ ചെറിയവനോ ഇല്ലാതെ എല്ലാവരുടെയും ജീവിതോപാധികൾ നഷ്ടമായി. അവർ തെരുവിലേക്ക് ഇറക്കപ്പെട്ടു.ദുരിതാശ്വാസക്യാമ്പുകളിൽ അവർ അഭയം പ്രാപിച്ചു.പരസ്പരം ദുഃഖങ്ങളിൽ കൂട്ടായി .പ്രകൃതികനിഞ്ഞു നല്കിയ പലതും നമ്മുടെ അഹങ്കാരംകൊണ്ട് നാം നശിപ്പിച്ചപ്പോൾ ആ പ്രകൃതി നമുക്കുള്ളതും നശിപ്പിച്ചു. പകരത്തിനു പകരം എന്നു മാത്രം.

ഈ പുതുവർഷത്തിലും കേറിക്കിടക്കാൻ ഒരു കൂരയില്ലാതെ എത്രയോ പേർ ബന്ധുവീടുകളിലും മറ്റും അഭയം പ്രാപിച്ചിരുന്നു. 2019 എന്ന വർഷം നമുക്ക് പുതിയൊരു പാഠമാകട്ടെ. ഈ വർഷമെങ്കിലും പ്രകൃതിയെ സ്നേഹിക്കാനും ബഹുമാനിക്കാനും നമ്മുക്ക് സാധിക്കട്ടെ .മനുഷ്യന്റെ അഹങ്കാരം തീർന്ന് നന്മയുടെയും സാഹോദര്യത്തിന്റെയും വിത്തുകൾ സമൂഹത്തിൽ പാകാൻ അവന് കഴിയട്ടെ. ദുരിതങ്ങൾ അനുഭവിക്കുന്നവർക്ക് സാന്ത്വനമേകാൻ സാധിക്കട്ടെ. പല ദൈവം പലജാതി മൂഢചിന്ത മാറ്റി മനുഷ്യന് രണ്ട് ജാതിയേ ഉള്ളൂ അത്

സ്ത്രീയും പുരുഷനുമാണെന്ന് അവൻ മനസ്സിലാക്കട്ടെ .

ഇപ്പോൾ ക്രൂരഭാവംവെടിഞ്ഞ് ശാന്തയായ പുഴ ആ ശാന്തത തുടരട്ടെ .എല്ലാ ജന്തുജാലങ്ങൾക്കും ജീവാമൃതമായ് അവളുടെ തെളിനീർ അവർ വിനിയോഗിക്കട്ടെ .കുളിർമയും തനിമയും അവൾക്ക് ഇനിയും വർദ്ധിക്കട്ടെ.അവൾ ഇനിയും അതീവ സുന്ദരിയാകട്ടെ. അവളെ വീണ്ടും സംഹാര

രൂപിണിയാകാൻ നാം അനുവദിക്കരുത് .

അർച്ചന മനോജ് കുമാർ

(10E)



# തിരക്ക്

പേറ്റുനോവ് സഹിക്കവയ്യാതെ ഉച്ചത്തിൽ
നിലവിളിച്ചുപോയ തന്നോട്ട നേഴ്സുമാർ പറഞ്ഞു....
വെയ്റ്റ് ചെയ്യൂ.. ഡോക്ടർ തിരക്കിലാണ്...

അന്നാദ്യാമായുണ്ടായ പിഞ്ചുമകനെ
കൈമാറാൻ ഭാർത്താവിനെയാരാഞ്ഞപ്പോൾ
ബന്ധുക്കൾ മൊഴിഞ്ഞു....
അദ്ദേഹം ജോലിത്തിരക്കിലാണ്.....

മകനെ സ്കൂളിലേക്കയക്കാൻ വേണ്ടി
പരക്കം പായുന്ന സമയത്തിൽ
ബസ്സുകാരും പറഞ്ഞു.....
വേഗമാവട്ടെ ഞങ്ങൾ തിരക്കിലാണ്......

വർഷങ്ങൾക്കുശേഷം  പതിറ്റാണ്ടുകൾക്ക്ശേഷം
അന്ത്യനാളിൽ ഏകപുത്രനെ ഒരു നോക്കു കാണാൻ
വെമ്പൽ കൊണ്ടപ്പോൾ അവൻ ഫോണിൽ പറഞ്ഞു
ക്ഷമിക്കണമമ്മേ ഞാൻ തിരക്കിലാണ്......

എല്ലാം മറന്ന്കൊണ്ട് അവസാനമായി
ഒരു ശ്വാസം വലിച്ചിടുവാൻ ശ്രമിച്ചപ്പോൾ

കഴിയുന്നില്ല ഇനി കാറ്റും തിരക്കിലാണോ?

ഇന്ന് ഈ ശ്മശാനത്തിൽ ഏകയായി
ബധിരയായി മൂകയായി കിടക്കുമ്പോൾ

ആത്മാവിനെ കുളിരണിയിച്ചുകൊണ്ടതാ
മഴപെയ്യുന്നു
മഴക്കുമാത്രം തിരക്കില്ലേ?

നിമ്മി ജോൺസൺ
(പൂർവ വിദ്യാർത്ഥി)



# തിരികെയെത്തുമ്പോൾ



അപർണ്ണ രാജ്.എൻ (9B)

നേരം ഇരുട്ടിയിരുന്നു എന്നാലും മിന്നു ഉറങ്ങിയിരുന്നില്ല അവൾ അച്ഛനെയും കാത്ത് വരാന്തയിൽ തന്നെ ഇരിക്കുകയായിരുന്നു. പെട്ടന്ന് അവൾ വിളിച്ചു പറഞ്ഞു അമ്മേ അച്ഛൻ വന്നു അവൾ സന്തോഷത്തോടെ അച്ഛന്റെ അരികിലേക്ക് ചെന്നു അവൾ അവളുടെ ചുവന്ന പാവാട തിരക്കി എന്നാൽ അച്ഛൻ പാവാട വാങ്ങാൻ മറന്നുപോയിരുന്നു. അവൾ ആ വിവരം അറിഞ്ഞപ്പോൾ വളരെ ദുഃഖിതയായി . അവളെ സാന്ത്വനിപ്പിച്ചു കൊണ്ട് അച്ഛൻ പറഞ്ഞു , മോളെ അച്ഛൻ മറന്നുപോയി പാവാട നമുക്ക് നാളെ വാങ്ങാം. അവളുടെ സങ്കടം കുറച്ചൊന്നു മാറി. അവൾ നേരം പുലരുന്നതും പ്രതീക്ഷിച്ച് കിടന്നു. പിറ്റേന്ന് രാവിലെ അവൾ എഴുന്നേറ്റപ്പോൾ അച്ഛൻ ദുഃഖിച്ചിരിക്കുന്നത് കണ്ടു, അവൾ കാരണം തിരക്കി. അച്ഛൻ വാത്സല്യത്തോടെ പറഞ്ഞു, മോളെ, ഇന്ന് ഹർത്താലാണ് അതുകൊണ്ട് പാവാട വാങ്ങാൻ പറ്റില്ല. അച്ഛൻ പറഞ്ഞു നിർത്തേണ്ട താമസം, അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി കരഞ്ഞുകൊണ്ട് അവൾ അകത്തേക്ക് ഓടി. അച്ഛൻ കുറച്ചുനേരം ഒന്നു ചിന്തിച്ചു ശേഷം മിന്നുവിന്റെ അടുത്തു ചെന്നു പറഞ്ഞു

അച്ഛൻ ഇന്ന് തന്നെ മോൾക്ക് ചുവന്ന പാവാട വാങ്ങി തരാം. ഇതും പറഞ്ഞുകൊണ്ട് അയാൾ വീട്ടിൽ നിന്നും ഇറങ്ങി നടന്നു. അപ്പോൾ തന്നെ ഭാര്യ വളരെ അധികം ഭയത്തോടെ

നോക്കുന്നത് അയാൾ കണ്ടു. കുറെദൂരം നടന്നെങ്കിലും ഒരു കടപോലും തുറന്നതായി അയാൾ കണ്ടില്ല. അവസാനം അയാൾ ഒരു കടയിൽ എത്തി. എന്നാൽ അവിടെ ചുവന്ന പാവാടയില്ലായിരുന്നു അയാൾ അവിടെ നിന്നും ഒരു വെള്ളപ്പാവാട വാങ്ങി വീട്ടിലേക്കു തിരിച്ചു. വഴിയിൽ ഹർത്താൽ നടത്തിയ പാർട്ടിയും എതിർ പാർട്ടിയും തമ്മിൽ കയ്യേറ്റം ഉണ്ടാവുകയും അതിൽ പരസ്പരം ആയുധമെടുക്കുകയും ചെയ്തപ്പോൾ ആ അക്രമത്തിൽ മിന്നുവിന്റെ അച്ഛൻ കൊല്ല പ്പെടുകയും ചെയ്തു. അയാളുടെ രക്തം പുരണ്ട് വെള്ളപാവാട ചുവപ്പായി മാറി..............

# പ്രതീക്ഷ



ഫാത്തിമത്ത്സഫ്ന
(10E)

വൃദ്ധസദനത്തിനിടനാഴിയിൽ
കൂടി ഞാൻ നടന്നു
മകൾ വരുമെന്ന പ്രതീക്ഷയിൽ......
താതനില്ലാതെ താൻ
വളർത്തിയോൾ

ഒന്നും അറിഞ്ഞീല...... അറിയിച്ചതില്ല
ഞാനെൻ സഹനങ്ങളെല്ലാം
എന്നെയേറെ സ്നേഹിച്ചിരുന്നവൾ
എങ്കിലുമെൻ കൂട്ടുവിട്ടപ്പോൾ
എന്നും തിരക്കേറിയല്ലോ...
പിന്നെ കണ്ടതില്ല ഞാനവളെ...
എല്ലാരുമൊന്നിച്ചുചിരിച്ചു-
ല്ലാസമായിരിക്കുമ്പോഴും
ഓരോ മനസ്സും പുറത്തേക്ക്
കണ്ണയച്ച് കാത്തിരുന്നു....
ഇനിയെത്രനാൾ....
ആറടിമണ്ണിലേക്കെന്നെയെ-
ടുക്കുമ്പോഴെക്കുമെൻ മകളൊന്ന് വരുമോ....

അറിയില്ല... ഇനിയെന്ത്.....

പിന്നെയും വൃദ്ധസദനത്തി

നിടനാഴിയിൽ കൂടി ഞാൻ നടന്നു...പ്രതീക്ഷയോടെ.....



# നോവ്

ഓർമ്മിക്കുമ്പോൾ ഓർത്തില്ലവളൊരു
നാളൊരു നോവായ് തീരുമെന്ന്
ഒടുവിൽ എന്നൊടായ് വിട പറയും
നേരം സങ്കടമേകുമെന്ന്..
കണ്ണീർ കായലിനരികെ......
ആ കഥയ്ക്കുത്തരം തിരയേ...
കര കാണാ കടൽ പോലെ...
കരളിൻ കണ്ണീരലിയേ...
ഇനി വരികില്ലവളെന്നേ
കാണാൻ....

യദുകൃഷ്ണൻ കെ.കെ
(9A)

# കരുണയുടെ മുഖം തേടി



സിനി സ്റ്റീഫൻ
(അധ്യാപിക)

മൂന്നാം ലോകമഹായുദ്ധം സ്വപ്നം കണ്ടാണ്
ഞാനുണർന്നത്. രാത്രി,
ഫെയ്സ്ബുക്കിലും വാട്സ്ആപ്പിലും
മുഖം കുത്തി വീണതിനാൽ
കൺപോളകൾ വീർത്തിരുന്നു
ന്യൂറുപ്പയുടെ തലയെടുപ്പുള്ള ടൂത്ത് ബ്രഷാൽ
പുറം വെളുപ്പിച്ച് ദിനപത്രത്തിലേക്കുഴിയിട്ടു
എല്ലാം തലതിരിഞ്ഞകാലത്ത്
പുറം പേജിൽ നിന്നുതന്നെ തുടങ്ങി
അവിടെ 'സൗമ്യ'തയുടെ മുഖമുള്ള പെൺക്കുട്ടി
കാമവെറിയന്റെ ക്രൂരതയാൽ ജീവൻ വെടിഞ്ഞവൾ
കരുണക്ക് വേണ്ടി കേഴുന്ന അവളുടെ അമ്മ
പെട്ടന്ന് പത്തു വയസ്സുകാരി
മകളുടെ മുഖം ഒരാന്തലായി.......
ഞാനന്വേഷിച്ച കരുണയുടെ മുഖം
എവിടെയെങ്കിലും ?......
ചരമപേജ്
പരിചയമുഖങ്ങൾ അരെങ്കിലും ?
കണ്ടു അച്ഛനെ കൊലപെടുത്തിയ ഒരു മകൻ
വൈദവ ദു:ഖത്താൽ കേഴുന്ന എതോ ഒരമ്മ




നരകയറിയ പിതാവിന്റെ മുഖം
മനസ്സിലേക്കോടിയെത്തി.....
ഏറെ നാളായല്ലോ കണ്ടിട്ട് ?
മറുതലക്കൽ അച്ഛൻ
ജോലിത്തിരക്ക് .....പതിവുപല്ലവി
സ്വയം ചോദിച്ചു ഇതാണോ കരുണ ?
പ്രദേശിക പേജ്
ഹർത്താലുകളും വടിവാളുകളും
'ട' കത്തികളും ആർത്തിരമ്പുന്ന
വരമ്പത്ത് കൂലി കൊടുക്കാൻ
പെടാപാടുപെടുന്ന നേതാക്കന്മാർ
കൂലി നഷ്ടം വന്ന ഒരമ്മ
അച്ഛൻ പിറകെ മകനും.....
അവളുടെ തേങ്ങൽ കുരുക്ഷേത്രത്തിലെ
 ഗാന്ധാരിയെ ഓർമ്മിപ്പിച്ചു
പെട്ടെന്ന്
തേജസ്സാർന്ന അമ്മയുടെ മുഖം
മനോമുകരത്തിൽ തെളിഞ്ഞു
കിലോമീറ്ററുകൾക്കിപ്പുറം ജലദോഷത്താൽ
ഉറക്കം നഷ്ടപ്പെട്ട ഒരു രാത്രി
അതിരാവിലെ ഒരുഫോൺകോൾ
മറുവശത്ത് അമ്മ
നിനക്കെന്തെങ്കിലും ? രാത്രിയിലുറങ്ങാൻ കഴിഞ്ഞില്ല



ഒരു ദുഃസ്വപ്നം നിന്നെക്കുറിച്ച്
ഞാനോർത്തു ഇതല്ലേ കരുണയുള്ള മാതൃഹൃദയം
ആദ്യപേജ്
അവിടെ കരുണയുടെ വശ്യമായ ഒരു പുഞ്ചിരി
അഗതികളിലും അനാഥരിലും
ക്രിസ്തുവിനെ കണ്ട ഒരമ്മ
കൽക്കത്തയുടെ തെരുവുകളിൽ....
ഇപ്പോൾ ലോകം മുഴുവനുമായ്
കരുണയുടെ ആ മുഖം
വിശുദ്ധപദവിയിലേക്ക്......
എവിടയോ വായിച്ചതോർത്തു മകളുടെ ജീവനെ
ക്രൂരമായി കൈകളിലെടുത്ത സുമുന്ദർ എന്ന യുവാവിനോട്
കരുണ കാണിച്ച സിസ്റ്റർ റാണിമരിയയുടെ അമ്മ
താളുകൾ മടക്കി കണ്ണുകളടക്കിയത്
ക്രൂശിതരൂപത്തിൽ....
കാലിത്തൊഴുത്തിൽ നിന്നും കാൽവരിയിലേക്ക്
ദൈവ കരുണയുടെ ശ്രേഷ്ഠ മുഖം
ഞാൻ കണ്ടെത്തി കരുണയുടെ മുഖങ്ങളെ
എന്നിലെ കാരുണ്യരാഹിത്യത്തെയും
ഇനിയെങ്കിലും തെളിയുമോ ?
എന്നിലും നിന്നിലും
കരുണയുടെ പുൽനാമ്പുകൾ

# ആരാണവളുനിന്റെ ?



ഞാനാരാണെന്നെനിക്കറിയാം...
ഞാനാരാണെന്നെനിക്കറിയാം
എന്നാൽ അവളാരാണെന്നെനിക്കറിയില്ല...
അറിയുകയും വേണ്ട... കാരണം

കെ.പി അശ്വതി
(10B)

'അവളെന്റെയാരുമല്ല'....രക്തബന്ധമല്ല
അവളുടെ മധുരനാദം എവിടെ നിന്നാ-
ണെന്നെനിക്കറിയില്ല......
അവളുടെ കൊഞ്ചലെവിടെ നിന്നെനിക്കറിയില്ല....
ഞാനെന്തിനറിയണം ഞാനാരാണവളുടെ...
ഒരിക്കൽ ഞാൻ കേട്ടു അവളുടെ
'അലർച്ച'
ഭയാനകമാം ഇരുട്ടിന്റെ മൂലയിൽ
ചിന്നിച്ചിതറുമാ....നിലവിളി
എന്റെ ഹൃദയത്തെ ചുട്ടുപൊള്ളിക്കുന്നുവോ...?
നീറ്റൽ കൊണ്ടെൻ നൗകയെ തുഴഞ്ഞു ഞാൻ...
ഇടക്കെവിടയോ...നിലച്ചുപോയോ....?

എൻ നൗക ഒരുശിലാ നൗകയായിമാറിയോ...

കണ്ടു ഞാൻ ഒരു 'തിരമാല'നൗകയെ

താങ്ങി നിർത്തുന്നു.......

ആ തിരമാലക്കൊരു പേരുണ്ട്'ആരാണവളുനിന്റെ'
മുന്നോട്ടു തുഴഞ്ഞുഞാൻ ഒന്നിനെയും

കാതോർത്തിടാതെ,...മുന്നേട്ടു തുഴഞ്ഞ്

ഇരുട്ടിന്റെ മൂലയിൽ ചെന്നു,... എന്റെ
ഹൃത്തടത്തിൽ ഞാൻ തിരികൊളുത്തി

കണ്ടു ഞാൻ പിച്ചിചീന്തിയ മൃതദേഹം...
നീലകാർകുന്തൽ

വായിലേക്കാർന്നുപോൽക്കിടക്കുന്നു...

നഗ്നമായ്,ചോരവാർന്ന്

എന്നിലെ പുഴ വറ്റിവരണ്ടു പോയോ....എന്നിലെ

രാഗം അവളുടെ നിലവിളിയായോ....
കണ്ടു ഞാൻ എന്റെ ചോരയ്ക്കും

അവളുടെ ചോരയ്ക്കും ഒരേനിറം....

'ചെമല നിറം'

നമുക്കൊരേ ദുഖം......

ആ നിലവിളിച്ചവളുടെ.......

ആ മൃതദേഹത്തിന്റെ പേരാണ്......

' മലയാളം'.....

# മാതൃത്വം




അമൃത

(8F)

മാതൃത്വ മഹിമയാണമ്മ
സ്നേഹത്തിൻ നിറകുടമാകുമെന്നമ്മ
പാലാഴി കടഞ്ഞെടുത്ത അമൃത്പോലമ്മ
എന്തു വിശേഷിപ്പിക്കേണമെന്നമ്മയേ.

മാണിക്ക്യകല്ലായ അമ്മയെ ഞാനെന്റെ
നെഞ്ചോടുചേർക്കുന്ന തുവൽ പോലെ...
വീട്ടിലെ കത്തുന്ന നിറവിളക്കമ്മ
വീടിനകത്തെ നെടുംതൂണമ്മ.
ദൈവമാണമ്മ , മധുരമാണമ്മ
ശരിയായ വഴികാട്ടിയാണെന്നമ്മ
പുഞ്ചിരി തൂകിയെന്നമ്മ വരുന്നേരം
സന്തോഷം ചൊരിയുന്ന മുൻപിലെല്ലാം.
നന്മയാകുന്നൊരി പെൺ തരിയമ്മ
പുഷ്പ്സുഗന്ധം പരന്നപോലെ
എന്നമ്മ സ്നേഹം പരത്തുന്ന ഭൂവിൽ
ഐശ്വര്യം തൂകുന്ന ദേവിയെന്നമ്മ
കത്തുന്ന ദീപമാണെന്നന്റെയമ്മ
എന്റെ എല്ലാമെല്ലാമാണെന്നമ്മ.

# പ്രതീക്ഷകൾ



നന്ദു കൃഷ്ണ
(10E)

'ഒരുമയായ് കൈകോർത്ത് നഷ്ടം നികത്തിടാം
ഒരു പുതുകേരളം നിർമിച്ചിടാം
ജാതിമത ഭേദങ്ങളില്ലാതെ സോദാരാ
ഒന്നിക്കണം നമ്മളീവേളയിൽ മുഴുവൻ'

'തീർക്കണം പലതുമീ മലയാളനാടിതിൽ
പോയവയ്ക്കൊട്ടും പകരമാവില്ലെങ്കിലും
പൊലിഞ്ഞ ജീവന് പകരമാവില്ലെങ്കിലും
നൽകാം നമുക്കൊന്നായ് ഇത്തിരി ആശ്വസം'

'ഭവനങ്ങൾ തീർത്തിടാം ഒരുമയായ് ഒന്നായ്
സ്വപ്നങ്ങൾ പൂർത്തീകരിച്ചിടാം പിന്നാലെ
വാസയോഗ്യമല്ലാതായൊരു ഭൂമിനാം
ഉപയോഗിച്ചിടാം പലവിധത്തിൽ'

'സജ്ജരാക്കാം കർമ്മനിരതരാം സംഘത്തെ
നൽകാം അവർക്കോരോ മാർഗനിർദേശങ്ങൾ
ഭവനനിർമാണം ചെറുതൊഴിൽ സംരംഭം
നൽകാം പല ദൗത്യവും തൊഴിൽ രഹിതർക്ക്
'കൈകോർക്കാം ഒത്തൊരുമിക്കാം
ഒരു നവകേരള സൃഷ്ടിക്കായ്'


# ജലദം ഭൂമിയോട്



അരുണിമ ഷിജു
(8G)

ഭൂമിയേ നീയൊരുദേവി
നീ എത്ര മനോഹരിയാണുദേവി!
മഴതൻ വരവിൽ ഞാൻ മിന്നനായാൽ കൂടി
ഞാൻ നിന്നിലെന്നും ആമഗ്നനല്ലോ?
 ആയിരം ഋതുക്കൾ കടന്നുപോ
യെങ്കിലുംനിന്മുഖമെന്നും
ഞാൻ നോക്കി നിൽക്കും
ഓരോരോനോക്കിലും നിന്റെ സൗന്ദര്യം
വാർമെത്തും മരതകം  പോലെയല്ലോ!
നിന്നുടെ സസ്യജാലങ്ങൾ കണ്ടാ
ലെൻ മനമൊരാരാമമായ് തീരുകില്ലേ
നിന്നെ ഞാൻ കാണുന്ന നേരം ,നിൻമേലൊ
ന്നിരക്കാനെൻ മനം  കൊതിക്കുന്നു ദേവി.
ഇനിയൊരു സ്വപ്നത്തിൽ
മിഥ്യപോൽ ഒരു ജന്മം
ദൈവമേ നീ ഒന്നു തന്നുവെങ്കിൽ
ആ ജന്മമെങ്കിലും ഭൂമിയായ് മാറിയാൽ
എൻ ജന്മം സന്തതം ധന്യമായി.


# വൃദ്ധസദനത്തിലെ നെടുവീർപ്പ്



ആകാശ് എം.പി (8D)

അന്ന് ഒരു വെള്ളിയാഴ്ച്ചയായിരുന്നു. ഞാൻ അന്ന് വളരെ അധികം ദുഃഖിതനായിരുന്നു.കാരണം അന്ന് ആ അമ്മമ്മയുടെചരമ ദിന മായിരുന്നു. അമ്മമ്മ മരിച്ചിട്ട് ഇന്ന് ഏകദേശം ഒരു വർഷമായിരിക്കുന്നു. ആ അമ്മമ്മ ഒരു പാവമായിരുന്നു. ഞാൻ ആ അമ്മമ്മയെ

ആദ്യമായി കാണുന്നത് കദേശം ഒരു വർഷം മുമ്പ് ഒരു വൃദ്ധസദനത്തിലായിരുന്നു. സ്കൂൾ കഴിഞ്ഞ ശേഷം ഞാൻ വീട്ടിലേക്ക് തിരികെ പോവുകയായിരുന്നു.അപ്പോൾ ആ അമ്മമ്മ വൃദ്ധസദനത്തിനുമുമ്പിൽ ദുഃഖച്ചിരിക്കുകയായിരുന്നു.ഞാൻ ആ അമ്മമ്മയുടെ അടുത്തു ചെന്ന് കാരണം തിരക്കി . ആദ്യം എന്നോട് ഒന്നും മിണ്ടാൻ പോലും അവർ സമ്മതിച്ചില്ല. പക്ഷേ ഞാൻ അവരോട് വീണ്ടും വീണ്ടും ചോദിച്ചു. അപ്പോഴാണ് അവർ പറഞ്ഞത് അവർക്ക് ഒരു മകനുണ്ടെന്ന്. അവന്റെ പേര് ഉണ്ണി എന്നായിരുന്നു. ഇന്ന് അവൻ അറിയപ്പെടുന്ന ഡോക്ടർമാരിൽ ഒരാളാണ്. ആ അമ്മമ്മയ്ക്ക് ഒറ്റമകനായിരുന്നു. അതുകൊണ്ട് തന്നെ അവർ അവനെ വല്ലാതെ സ്നേഹിച്ചിരുന്നു. അവനെ രാവിലെ സ്കൂളിലാക്കിയാൽ പിന്നെ വൈകിട്ട് തിരിച്ചുവരുന്നതുവരെ അവനെയും കാത്ത് ഇരിക്കുമായിരുന്നു. ഉണ്ണിക്കും



തന്റെ അമ്മയെ വളരെ അധികം ഇഷ്ടമായിരുന്നു. പക്ഷേ കാലം കടന്നുപോയതോടെ അവന്റെ സ്നേഹത്തിലും കുറവുവന്നു .അവൻ ഒരു ഡോക്ടറായതോടെ അവന്റെ മേന്മയും വർദ്ധിച്ചു. പുതിയ ഭാര്യയായി മക്കളയായി ഒരു പുതു കുടുംബമായി.ആ അമ്മ അവന്റെ വീട്ടിൽ ഒറ്റക്കായി.അവന്റെ ഭാര്യക്ക് അമ്മയെ ഒട്ടും ഇഷ്ടമല്ലായിരുന്നു.അവരെ എന്നും വൃദ്ധസദനത്തിലേക്ക് കൊണ്ടു ചെല്ലാൻ പറഞ്ഞുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ ഒരിക്കൽ അവർ തമ്മിൽ വഴക്കായി.ആ വഴക്ക് രൂക്ഷമായി. അന്ന് രാത്രി ഉണ്ണി ഒരു തീരുമാനമെടുത്തു. അമ്മയെ വൃദ്ധസദനത്തിലാക്കുക. ഇതെല്ലാം തന്നെ അവർ കേൾക്കുന്നുണ്ടായിരുന്നു. അവർ തന്റെ മുറിയിൽ ചെന്ന് പൊട്ടിക്കരഞ്ഞു. താൻ പൊന്നു പോലെ സ്നേഹിച്ച തന്റെ മകൻ തന്നെ ഉപേക്ഷിക്കുമെന്ന് അവർ ഒട്ടും കരുതിയിരുന്നില്ല. പിറ്റേന്ന് മകന്റെ മക്കളെ ഒരുനോക്ക് കണ്ട ശേഷം വൃദ്ധസദനത്തിലേക്ക് പോയി. എന്നോട് അമ്മമ്മ പറഞ്ഞത് അവർ ഇവിടെ വന്നിട്ട് ഏകദേശം നാല് വർഷമായി എന്നാണ്. ഇതുവരെ അവരെ കാണാൻ മകൻ വന്നിട്ടില്ല.ആ അമ്മ ഒരു രോഗിയായിരുന്നു. ഞാൻ രോഗത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ അവർ എന്നോട് ഒന്നും പറഞ്ഞില്ല.പിന്നീട് നേരം വൈകിയതോർത്ത് ഞാൻ വീട്ടിലേക്ക് പോയി. പക്ഷേ, പിറ്റേന്ന് ഞാൻ അവിടെ ചെന്നപ്പോൾ അമ്മമ്മ അവിടെ



ഉണ്ടായിരുന്നില്ല. അവിടെയുള്ള ചേച്ചിമാരോട് അന്വേഷിച്ചപ്പോഴാണ് അവർ എന്നോട് പറഞ്ഞത് അമ്മമ്മ മരിച്ചുവെന്ന്. ഇന്നലെ രാത്രി അവർക്ക് രോഗം ശ്രുക്ഷമായതാണ് മരണകാരണം. ഞാൻ വളരെ അധികം ദുഃഖിച്ചു. പിന്നീട് ഒന്നും നോക്കാതെ അവരെ അടക്കം ചെയ്യുന്നസ്ഥലത്തേക്ക് പോയി. അപ്പോഴാണ് ഞാൻ അവിടെ ആ കാഴ്ച്ച കണ്ടത്. അവരുടെ മകൻ ഉണ്ണി തന്റെ അമ്മയുടെ മൃതദേഹം കണ്ട് പൊട്ടിക്കരയുന്നു. കൂടുതൽ അന്വേഷി ച്ചപ്പോഴാണറിഞ്ഞത് അവരുടെ ഭാര്യയും മക്കളും അയാളെ പിരിഞ്ഞെന്ന്. ഉണ്ണിയതോർത്ത് വളരെ ദുഃഖിതനായതു കൊണ്ടാകാം അമ്മയെ മുഖം കാണിക്കാതിരുന്നത്. പിന്നീട് ഞാൻ കണ്ടത് അദ്ദേഹം തന്റെ അമ്മയുടെ മരണാന ന്തരകർമ്മങ്ങൾക്കു ശേഷം പ്രർത്ഥിക്കുന്നതാ യിരുന്നു. അദ്ദേഹത്തിന്റെ പ്രർത്ഥന എന്റെ മനസ്സിൽ ഇടിമുഴക്കം പോലെ മുഴങ്ങി.

“ഞാൻ അമ്മയെ വൃദ്ധസദനത്തിലാക്കി വല്ലാതെ നോവിച്ചു. അതിനെനിക്ക് ശിക്ഷയും ഈശ്വരൻ തന്നു. ഇനി ഞാൻ ഒരിക്കലും ആരെയും ദുഃഖിപ്പിക്കുകയില്ല. ഞാൻ ചെയ്ത എല്ലാ തെറ്റുകൾക്കും ഇനി ഞാൻ പ്രായശ്ചിത്തം ചെയ്യുന്നതായിരിക്കും . എന്നോട് ക്ഷമിക്കണമമ്മേ...”

# നാടിനെ കണ്ണീരിലാഴ്ത്തി ആ പിഞ്ചുഹൃദയം



ശ്രീഷ ഐ
(10F)

കൂലിപ്പണി ചെയ്ത് കുടുംബംപോറ്റുന്ന ഒരാളാണ് ആ പിതാവ് വഴിയോരം തോറും കാടുവെട്ടി തെളിക്കലാണ് ആ പിതാവിന്റെ ജോലി. ഉള്ളവരുമാനം കൊണ്ട് കുടുംബം പുലർത്തുന്ന ഒരു വ്യക്തിയാണ് ആ പിതാവ്. മൂന്ന് മക്കളാണ്. എന്നാൽ ഒരു വയസ്സുള്ള മകൾ ഹൃദ്രോഗബാധിതയായിരുന്നു.എങ്കിലും ആ പിതാവ് തളർന്നില്ല. ആ പിതാവിന്റെ പ്രത്യാശ നശിച്ചില്ല. എങ്ങനെയെങ്കിലും മകളുടെ രോഗം ചികിത്സിച്ച് ഭേതമാക്കണം എന്നായിരുന്നു ആ പിഞ്ചുകുഞ്ഞിന്റെ മാതാപിതാക്കളുടെ പ്രർത്ഥന. അങ്ങനെ കുഞ്ഞിന്റെ ഹൃദയശസ്ത്രക്രിയ നടത്തി. എന്നാൽ നിസ്സഹായരായ ആ കുടുംബത്തിന്റെ ആനന്ദം അധികനാൾ നീണ്ടുനിന്നില്ല. ഒരു കൊലയാളിയുടെ പ്രതീകമായി ഒരു കടുത്ത പനി മൂന്നുമാസത്തിനു ശേഷം കുഞ്ഞിന് അനുഭവപ്പെട്ടു. ഒരോ ആശുപത്രിയുടെ പടിയും കുഞ്ഞിനെ തോളത്തു ചേർത്തുവച്ചുകൊണ്ട് ആ മാതാപിതാക്കൾ മാറി മാറിക്കയറി.ഒടുവിൽ ഒരു വലിയ ചികിത്സ ലഭ്യമായ ആശുപത്രി യിൽ പോകാൻ നിർദേശിച്ചു. അതിനായി

ട്രെയിനിൽ യാത്ര ചെയ്യാൻ തീരുമാനിച്ചു. തന്റെപിഞ്ചു മകളെ ആ മാതാവ് മാറോട് ചേർത്തു പിടിച്ചുകൊണ്ട് റെയിൽവേസ്റ്റേഷനിൽ

എത്തി.എന്നാൽ സ്ലീപ്പർ കോച്ചുകൾ ഒന്നും ഒഴിവില്ലായിരുന്നു.എന്നാൽ ലഭിച്ചത് ജനറൽ ടിക്കറ്റ്. തിരക്കേറിയ ജനറൽ കംപാർട്ട്മെന്റിൽ പോയാൽ ആ പിഞ്ചുകുഞ്ഞിന്റെ നിലവഷളാകുമെന്നതിനാൽ ടിക്കറ്റ് മാറിയെടുക്കാൻ സ്ലീപ്പർകോച്ചിൽ കയറി. ആ പിഞ്ചു ഹൃദ യത്തെ രക്ഷിക്കാൻ വേണ്ടി കരഞ്ഞുകാലുപിടിച്ചിട്ടും പരി ശോധകൻ കനിഞ്ഞില്ല.ഒഴിഞ്ഞ ബെർത്തുകൾ ആളെത്തുവോളം പോലും ഇരിക്കാൻ അനുവതിച്ചില്ല. സഹായത്തിന്റെ ഒരു കരം പോലും കാണാതെ ആ ഒരുവയസ്സുള്ള കുഞ്ഞുമായി ട്രെയിനിന്റെ ഓരോ കോച്ചും നിസ്സഹായരായവർ മാറിമാറികയറി. എന്നാൽ നിർഭാഗ്യവശാൽ കുഞ്ഞിന്റെ പനി കൂടി. കുഞ്ഞിന്റെ അവസ്ഥ തളർച്ചയിലായി. ഇതുകണ്ട് കരുണതോന്നിയ ഒരു സഹ യാത്രികൻ ട്രെയിനിന്റെ ചങ്ങല വലിച്ചു നിർത്തി. ട്രെയിനിൽ സീറ്റോ വൈദ്യ സഹായമോ നൽകാതിരുന്ന റെയിൽവെ കുഞ്ഞിനെ ആശുപത്രിയിലെത്തിക്കാനും സഹായിച്ചില്ല. അവസാനം ഒരു ഓട്ടോയിൽ സമീപത്തെ ആശുപത്രിയിൽ എത്തിച്ചു. അവിടുണ്ടായിരുന്ന ഡോക്ടർമാർ പറഞ്ഞു: 'എല്ലാം കൈവിട്ടു പോയിട്ട് കുറച്ചുനേരമായി' എന്ന്. ഇതു കേട്ടപ്പോൾ ആ


മാതാവിന്റെയും പിതാവിന്റെയും ഹൃദയം തേങ്ങി. ഹൃദയം പൊട്ടിപിളരുന്നതു പോലെ അവർക്ക് അനുഭവപ്പെട്ടു. തന്റെ ചുമലിൽ കിടന്നാണ് തന്റെ പിഞ്ചോമന മരിച്ചത് എന്നറിഞ്ഞ ആ മാതാവിന് ദുഃഖം നിയന്ത്രിക്കാനായില്ല. തങ്ങളുടെ പ്രിയ സഹോദരി തങ്ങളെ വിട്ടുപോയി എന്ന് സഹോദരങ്ങൾക്ക് മനസ്സിലായിരുന്നില്ല. ആ പിഞ്ചുജീവന്റെ മൃതദേഹവുമായി തങ്ങളുടെ നാട്ടിലേക്കുള്ള മടക്കയാത്രയിൽ കരഞ്ഞുതളർന്ന ആ

പിതാവിന് ആംബുലൻസിന്റെ വാടക നൽകേണ്ടി വന്നു.

കരുണ എന്ന വികാരത്തിന്റെ സ്പർശമില്ലാതെ ജീവൻ വെടിഞ്ഞ ഈ ഒരു വയസ്സുകാരിയുടെ ഉള്ളിലേക്കമർന്ന ആ തേങ്ങൽ ഇന്നും നാടിനെ കണ്ണീരിലാഴ്ത്തുന്നു. റെയിൽവേയുടെ ക്രൂരതയുടെ രക്തസാക്ഷിയായി മാറുകയാണീ കുഞ്ഞ്. കടുകു മണിയോളം ഇല്ലല്ലോ, കരുണ...



# സ്ത്രീകളും സാമൂഹിക ജീവിതവും



ഫാത്തിമത്തുൾ ഫസ്ന
(10G)

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായിട്ടാണ് ഇന്ത്യ അറിയപ്പെടുന്നത്.ഒരു ജനാധിപത്യരാജ്യത്തെസംബന്ധിച്ചിടത്തോളം അവിടെ വസിക്കുന്ന എല്ലാവർക്കും തുല്യ നീതിയും അവകാശങ്ങളും സംരക്ഷണവും ലഭിക്കുക എന്നത് വളരെ പ്രധാനമാണ്. ജനാധിപത്യ പ്രക്രിയയുടെ കാതൽ ഇതു തന്നെയാണ് എന്നും പറയാം.1947-ൽ ബ്രിട്ടീഷുകാരിൽ നിന്നും സ്വാതന്ത്ര്യമായിട്ടും നമുക്കിതുവരെ ജനാതിപത്യത്തിന്റെ ശരിയായ അന്തസ്സത്ത ഉൾക്കൊണ്ട് പ്രവർത്തിക്കാനായിട്ടില്ലെന്ന് കാണാം. നിറത്തിന്റെയും ജാതിയുടെയും സംസ്കാരത്തിന്റെയും പേരിൽ പല തരത്തിലുള്ള ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും ഇരയാവുന്നവർ ഇന്നും ഇന്ത്യയിലുണ്ടെന്ന് ലജ്ജാകരമായ ഒരവസ്ഥയാണ്. അതിൽ തന്നെ പെണ്ണായി ജനിച്ചതിന്റെ പേരിൽ സ്ത്രീസമൂഹം അനുഭവിക്കേണ്ടിവന്ന ദുരിതങ്ങൾ ലോകത്തിനു മുമ്പിൽ ഭാരതത്തെ അപഹാസ്യപ്പെടുത്തുന്നു. ജനനം മുതൽ മരണം വരെ പലതരം പീഡനങ്ങൾക്കും അപമാനങ്ങൾക്കും വിധേയരാവുന്നവരാണ് സ്ത്രീകൾ. പലതരം അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പേരിൽ സ്ത്രീകൾ ഇന്നും

കടുത്തയാതനകൾ അനുഭവിക്കുന്നു. പെൺകുട്ടികൾ ജനിക്കുന്നതു തന്നെ കുടുംബ ത്തിനു ശാപമാണെന്നും അവരുടെ ജന്മം ഭാവിയിൽ തങ്ങൾക്ക് വലിയൊരു ഭാരമായ് തീരുമെന്നും കരുതുന്നവരുണ്ട്.ഭ്രൂണഹത്യ നടത്തി, പെൺകുട്ടികൾ ജനിക്കുന്നത് തടയുന്ന പ്രവണത ഏറി വരികയാണ്. അതു പോലെ തന്നെ സ്വാതന്ത്ര്യത്തിനു ശേഷം നാം നിർത്തലാക്കിയ ബാലവിവാഹം, സ്ത്രീധനസമ്പ്രദായം, സതി സമ്പ്രദായം മുതലായവ പുതിയ സമൂഹത്തിൽ പുനഃർജനി ക്കുന്നുവെന്നത് ഏറെ അപമാനകരമായ വസ്തുതയാണ്.

സ്ത്രീകൾ വിദ്യാഭ്യാസം ചെയ്യുന്നത് തെറ്റായിക്കാണുന്ന മതവിഭാഗങ്ങൾ ഇപ്പോഴുമുണ്ട്. ശരിയായ വിദ്യാഭ്യാസം ലഭിക്കാൻ പെൺകുട്ടികൾക്കുള്ള അവകാശം അവരുടെ പ്രവർത്തനങ്ങൾ മൂലം നിഷേധിക്കപ്പെടുന്നു. വീട്ടുജോലിക്കപ്പുറം മറ്റൊരു തൊഴിലിലും ഏർപ്പെടാൻ അവരെ അനുവദിക്കാത്തതും സ്ത്രീപീഡനത്തിന്റെ മറ്റൊരു മുഖമാണ്. ഇഷ്ടപ്പെട്ടതും അനുയോജ്യമായതുമായ വസ്ത്രങ്ങൾ ധരിക്കാൻ സ്വാതന്ത്ര്യം നൽകാത്തതാണ് വേറൊരുപ്രശ്നം. സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളെ അപമാനിക്കുന്നത് നിത്യസംഭവമായി മാറിയിരിക്കുന്നു. കൂട്ടുചേരാനും സംഘം ചേരാനും പുരുഷന്മാരെ അനുവദിക്കുന്ന സമൂഹം സ്ത്രീകൾക്ക് അത്തരത്തിലുള്ള എല്ലാ സ്വതന്ത്ര്യങ്ങളും നിഷേധിക്കുന്നു.

ഇന്ത്യയിൽ പുരുഷകേന്ദ്രീകൃത സമൂഹമാണ് ഇന്നും

നിലനിൽക്കുന്നത്. പുരുഷന്റെ ഇച്ഛകൾക്കൊത്ത് പ്രവർത്തിക്കേണ്ട ഒരു പാവകുഞ്ഞായാണ് സ്ത്രീകളെ ചിലരെങ്കിലും നോക്കിക്കാണുന്നത്. രണ്ടാം തരം പൗരത്വമാണ് ഇവിടെ സ്ത്രീകൾക്ക് കൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്നത് ഒരതിശയോക്തിയല്ല. സാഹോദര്യം, സ്നേഹം, സമത്വം എന്നിവയെ കുറിച്ചൊക്കെ വാചാലരാകുമെങ്കിലും സ്വന്തം ജീവിതത്തിൽ, സ്ത്രീവിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്നവരാണ് പുരുഷന്മാരിൽ ഏറെയും എന്നതാണ് വസ്തുത.

സ്വന്തം കുടുംബത്തിലും ജോലിസ്ഥലത്തും പൊതുയിടങ്ങളിലും സ്ത്രീകൾ പലവിധ ചൂഷണങ്ങൾക്കും വിധേയമാവുന്നുണ്ട്. മാനസികമായും ശാരീരികമായും അവരെ ഉപദ്രവിക്കുന്നതിൽ പുരുഷസമൂഹം ആനന്ദം കണ്ടെത്തുന്നു. ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാവുന്നവരുടെ പട്ടിക പരിശോധിച്ചാൽ, അതിൽ കൈക്കുഞ്ഞുങ്ങൾ മുതൽ മുത്തശ്ശിമാർ വരെ ഉൾപ്പെടുന്നുവെന്നതാണ് ഞെട്ടിക്കുന്ന സത്യം. ഇത്തരം അതിക്രമങ്ങൾക്ക് കാരണമായി സ്ത്രീകളുടെ സ്വഭാവം വസ്ത്ര ധാരണം തുടങ്ങിയ കാരണങ്ങളാണ് പുരുഷന്മാർ കണ്ടെത്തുന്നത്.

ഇന്ത്യയിലെ ഏതൊരു പൗരനും, ഭരണഘടന ഉറപ്പുനൽകുന്ന അധികാരാവകാശങ്ങളോടെ ഇവിടെ ജീവിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ട്. പെണ്ണായി പിറന്നുവെന്നതിന്റെപേരിൽ അതുനിഷേധിക്കപ്പെട്ടുകൂടാ, സ്ത്രീകളെ സ്വതന്ത്രവ്യക്തികളായി

അംഗീകരിച്ചുകൊണ്ടുള്ള ഒരു സാമൂഹിക അന്തരീക്ഷം വളർന്നു വരണം.നിയമങ്ങൾ കൊണ്ടോ കർക്കശമായ ശിക്ഷാവിധികൾ കൊണ്ടോ മാത്രം പരിഹരിക്കാവുന്ന വിഷയങ്ങളല്ല ഇത്. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് പുരുഷന്മാർ കൂടി മുൻകൈയ്യെടുക്കേണ്ടതാണ്. ബാല്യകാലം മുതൽ ആൺകുട്ടികളേയും പെൺകുട്ടികളേയും സ്വതന്ത്രമായി ഇടപഴകാൻ അനുവദിക്കുക, അവർക്കിടയിൽ ആരോഗ്യകരമായ സൗഹൃദം ഊട്ടിയുറപ്പിക്കുക, സമത്വം, സമഭാവന തുടങ്ങിയ കാഴ്ചപ്പാടുകൾക്ക് ഉതകുന്ന ജീവിതരീതികൾ ചിട്ടപ്പെടുത്തുക എന്നിവയൊക്കെയാണ് ഇതിന്റെ പരിഹാരമാർഗങ്ങൾ.

സമകാലിക സമൂഹം ഏറെ ചർച്ചാവിഷയമാക്കിയെടുക്കുന്ന മറ്റൊരു വിഷയമാണ് ശബരിമലയിലെ സ്ത്രീ പ്രവേശനം. സത്യത്തിൽ അയ്യപ്പനെ ദർശിക്കുക എന്ന ഒറ്റ ലക്ഷ്യബോധമാണോ അവരിലുള്ളത്, അതോ അത്തരം ഒരു അറിയപ്പെടുന്ന മേഖലകളിൽ പ്രത്യേക കലഹം സൃഷ്ടിച്ച് നവമാധ്യമങ്ങളിൽ മുഖം കാണിക്കാൻ ഒരവസരം എന്ന നിലയിലാണോ ഇവരുടെ പ്രകടനങ്ങൾ, ഇവർക്ക് ശബരിമല മാത്രമേ കലാപകേന്ദ്രമാക്കി മാറ്റാൻ കിട്ടിയുള്ളുവോ? ഇവരുടെ യഥാർത്ഥ ലക്ഷ്യം മറ്റെന്തോ ആണോ? തുടങ്ങിയ ദീർഘശ്വാസം വിടാതെയുള്ള കാര്യങ്ങൾ ചോദ്യമുനയിൽ നിൽക്കുകയാണ്. സ്ത്രീ സുരക്ഷ കണക്കിലെടുത്തുകൊണ്ട് അവരെ ആരും തന്നെ ഉപദ്രവി ക്കുന്നില്ല. എങ്കിലും സ്ത്രീകളും സമൂഹത്തിലിറങ്ങി

ഇടപെടാൻ തുടങ്ങി. അവിടെയും വിമർശനങ്ങളുടെ കുത്തൊഴുക്ക് കാണാം. ഇത് സത്യത്തിൽ ന്യായമായ വാശിയല്ലാത്തതിനാൽ പൂർണ മായി ഞാനും അംഗീകരിക്കുന്നില്ല.



# യാത്ര




ഹരിലക്ഷ്മി എം.എസ്
(9A)

വെക്കേഷന് അമ്മയുടെ വീട്ടിൽ പോകുവായിരുന്നു സുവാനും അവളുടെ അച്ഛനും.അമ്മയുടെ മരണശേഷമുള്ള ആദ്യത്തെയാത്രയായിരുന്നു അത്. അതും അമ്മയുടെനാട്ടിലേക്ക്.അവൾ ഇതിനുമുമ്പ് അവിടേക്ക് പോയിട്ടില്ല. കേവലം കേട്ടറിവുമാത്രമായിരുന്നു സുവാന് ആ നാടിനെക്കുറിച്ചുള്ള വിവരം. പരീക്ഷ കഴിഞ്ഞതിന്റെ പിറ്റേ ദിവസം തന്നെ യാത്ര തിരിക്കാൻ അവർ തീരുമാനിച്ചു. അതിനായി ടിക്കറ്റ് ബുക്ക് ചെയ്ത് റെയിൽവേ സ്റ്റേഷനിൽ എത്തി.വളരെസാധാരണ യാത്ര പ്രതീക്ഷിച്ചുപോയ അവർക്ക് നേരിടേണ്ടിവന്നത് ഒരു ഭായാനകമായ യാത്രയാണ്. വണ്ടിയിൽ കയറിയതും ഒരു സ്ത്രീയെ അവൾ ശ്രദ്ധിച്ചിരുന്നു. അവർക്ക് മറ്റുള്ളവരിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു രോഗമുണ്ടായിരുന്നു. വഴിയെ അത് മറ്റുള്ളവർക്ക് പകരാൻതുടങ്ങി. രോഗം പകർന്നവർ മറ്റുള്ളവരെ അക്രമിക്കാനും വണ്ടിയിലെ സാധനങ്ങൾ തകരാറിലാക്കുകയും ചെയ്യ്തു. തീർത്തും ഒരു ഭയം അവളിൽ നിറഞ്ഞു. സ്വന്തം അച്ഛനും രോഗം പകർന്നതോടെ ആ ഭയം വർദ്ധിച്ചു. ട്രെയിൻ അടുത്തസ്റ്റേഷനിൽ എത്തുന്നതുവരെ സുവാൻ അക്രമികളിൽ

നിന്ന് അകന്നു നിന്നു. അമ്മയുടെ നാട്ടിൽ എത്തിചേർന്നതോടെ അവളും ബന്ധുക്കളും അച്ഛനെ രക്ഷി ക്കാനായി ശ്രമിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. അച്ഛനും അമ്മയും നഷ്ടപ്പെട്ട് അനാഥയായി പോകേണ്ടിയിരുന്ന സുവാനെ ബന്ധുക്കൾ ഏറ്റെടുത്ത് സ്വന്തം മകളെ പോലെ വളർത്തി. അനാഥയായി പോകേണ്ടിയിരുന്ന സുവാന് അവർ പുതുജീവൻ നൽകി. ആ ട്രെയിനും യാത്രക്കാർക്കുവന്ന മാറാരോഗവും ഇന്നും ചുരുളഴിഞ്ഞിട്ടില്ല.

# കാലം മറന്ന കൃഷി



അലീന മാത്യൂ (8G)

നമുക്കറിയാം, ഇന്നത്തെ ആചാരങ്ങളെല്ലാം നമ്മുടെകൺമുമ്പിൽ നിന്നു മറഞ്ഞു കൊണ്ടിരിക്കുകയാണെന്ന്. ഓരോ ആഘോഷങ്ങൾ വരുന്നതും പോകുന്നതും ആരും അറിയുന്നില്ല എന്നതാണ വാസ്തവം. ഇന്നത്തെ കാലത്ത് ചുരുക്കം ചില വീടുകളിൽ മാത്രമായി ഒതുങ്ങിക്കൂടുകയാണ് ആചാരാനുഷ്ഠാനങ്ങൾ. ഇവയെല്ലാം നമുക്ക് ആചരിക്കാൻ സാധിക്കാത്തതിന്റെ ഒരു പ്രധാന കാരണമാണ് പുതിയ തലമുറ കൃഷിയോടുകാണിക്കുന്ന അവഗണന. ഇതിനു ഉദാഹരണമാണ് ,തമിഴ്നാട്,കർണാടക തുടങ്ങിയ അന്യസം സ്ഥാനങ്ങളിൽ നിന്നും അരി,പലവ്യഞ്ജനങ്ങൾ മുതലായവ ഇറക്കുമതി ചെയ്യുന്നത്. ഇതിനെപ്പറ്റി നാം ഗാഢമായി ചിന്തിക്കേണ്ടതുണ്ട്. അതുപോലെതന്നെയാണ് മുതിർന്നവരോടുള്ള അവഗണനയും. ഇന്ന് ഈ ആചാരങ്ങൾ ഇല്ലാതാവുന്നത് അതിനെപ്പറ്റിയുള്ള അറിവില്ലായ്മയാണ്. പണ്ടു കാലങ്ങളിൽ പ്രായമായവർ ഈ ആചാരങ്ങളെപ്പറ്റി പറഞ്ഞുകൊടുക്കുമായിരുന്നു. അതിനാൽ അവ എപ്പോൾ നടത്തണം എന്നും, എങ്ങനെ നടത്തണം എന്നും അവർക്ക് അറിയാം. ഇന്നത്തെക്കാലത്ത് തിരക്കുപിടിച്ച

ജീവിതവും താൽപര്യമില്ലായ്മയും കാരണം കൂട്ടായ്മ ഇല്ലാതായി. അതോടൊപ്പം ഗ്രാമങ്ങളിൽ താമസിക്കുന്നവരുടെ നഗരങ്ങളി ലേക്കുള്ള ചേക്കേറലും പരിഷ്കാരങ്ങളോടുള്ള ഭ്രമവും ആഡംബരവും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ദുർശക്തി കളാണ്. പുതിയതലമുറകളായ കുട്ടികളടക്കം ഇവ യെപ്പറ്റി അറിയാത്തവരുണ്ട്. അതിനു കാരണം കമ്പ്യൂട്ടർ യുഗത്തിൽ താമസിക്കുന്ന കുട്ടികൾക്കു പോലുമുണ്ട് സ്വന്തമായി മൊബൈൽ ഫോണുകൾ. അവയിലെ രസികൻ ആപ്പുകളും ഗെയിമുകളും അവരെ ഒരു മാന്ത്രികവലയം എന്ന തുപോലെ പിടിച്ചു കെട്ടിയിരിക്കുന്നു. ഇത് ഒത്തിരിയേറെ വിപത്തിന് കാരണമാകുന്നു.

ഇതെല്ലാം അവസാനിക്കുന്ന ഒരു ദിനം വരും അതിനായി നമ്മൾ പോരാടണം. കൃഷിനശിച്ചു കൊണ്ടി രിക്കുന്ന ഈ കാലഘട്ടത്തിൽ കൃഷിയുടെ മുന്നേറ്റത്തിനായി നാം പ്രവർത്തിക്കണം. ഇക്കാലത്ത് കൂടിവരുന്ന, വൃദ്ധസദനങ്ങൾ. ഇത്തരം പ്രതിസന്ധികൾ ഒഴിവാക്കാനായി പുതിയ തലമുറയായ നമ്മുക്ക് പൊരുതാം. വൃദ്ധസദനങ്ങളിൽ അഭയം തേടി യിരിക്കുന്നവർക്ക് ആശ്വാസം പകരാം. അവരോട് സംസാരിച്ച് കൂടുതൽ അറിവ് സമ്പാദിക്കാം. അത് നമ്മുക്ക് വിജ്ഞാനം പകർന്നുതരുന്നതും, അവിടെയുള്ളവർക്ക് സന്തോഷം പകരുന്ന തുമാകട്ടെ. അങ്ങനെ എല്ലാ ആഘോഷങ്ങളും നമ്മുക്ക്

ആഘോഷിക്കാം. തിരക്കുപിടിച്ച ഈ ജീവിതസാഹചര്യങ്ങളിൽ ചില ആഘോഷങ്ങ ളിലെങ്കിലും നമ്മുക്ക് പങ്കാളികളാവാം. അങ്ങനെ സന്തോഷമുള്ള ജീവിതം നമ്മുക്ക് വാർത്തെടുക്കാം. പരിഷ്ക്കാരങ്ങളെല്ലാം കുറയ്ക്കാം. നഗരങ്ങളെ ഉപേക്ഷിച്ച് ഗ്രാമങ്ങ ളിലേക്ക് മടങ്ങാം. ഗ്രാമത്തെ കൂടുതൽ അടുത്തറിയാം. കുഞ്ഞുങ്ങളുടെ കൗമാരകാലത്തെ നശിപ്പിക്കുന്ന ഫെയ്സ്ബുക്ക്, വാട്സ്ആപ്പ്, ട്വിറ്റർ തുടങ്ങിയ നൂതനമാധ്യമങ്ങളുടെ ഉപയോഗം കുറയ്ക്കാം. അവ നല്ല ആവശ്യങ്ങൾക്കായിമാത്രം ഉപയോഗിക്കാം .ആചാരങ്ങളെ അടുത്തറിയേണ്ട, വരുന്ന വർഷങ്ങളിൽ അവ ആഘോഷിക്കേണ്ട നമ്മുടെ കുഞ്ഞുങ്ങളെ മാധ്യമങ്ങളുടെ ഉപയോഗത്തിൽനിന്ന് അകറ്റാം.അതുപോലെതന്നെ ആഘോ ഷങ്ങളുടെ വരവിനെ വിളിച്ചോതുന്ന അനേകം പക്ഷികളെയും സസ്യ ജന്തുജാലങ്ങളെയും സംരക്ഷിക്കാം. അങ്ങനെ പ്രകൃതിക്ക് തണലായി, അതിനെ സംരക്ഷിച്ച് പ്രകൃതി സ്നേഹം വളർത്താം. കൂടുതൽ ആചാരങ്ങളേയും, അനുഷ്ഠാനങ്ങളെയും അടുത്തറിയാം. അങ്ങനെ എല്ലാംകൊണ്ടും, എല്ലാത്തിനോടും സ്നേഹവും കരുതലുമുള്ള ഒരു നല്ല കേരളീയരായി നമ്മുക്ക് മാറാം.

ഇന്നും,എന്നും,എപ്പോഴും...........

# സ്നേഹം



അനശ്വര ആർ
(8C)

തേങ്ങുന്ന ഞാൻ
തിരയുന്ന ഞാൻ
സ്നേഹത്തിൻ ആഴം തേടി
പോകുന്ന ഞാൻ

സ്നേഹത്തിൻ തീരം തേടി
തുഴയുന്ന ഞാൻ
സ്നേഹമെന്ന വാക്കിലൂടെ
ഒഴുകുന്ന ഞാൻ

സ്നേഹത്തിന്റെ കുഴലിലൂടെ
അലയുന്ന ഞാൻ
സ്നേഹമെന്ന കരുതലിനായി
അലയുന്ന ഞാൻ

സ്നേഹമൊരു തെന്നലായി
വീശുന്നിതാ.....
സ്നേഹമൊരു കടലായി
ഇരമ്പുന്നിതാ.....

സ്നേഹമൊരു ജ്വാലയായി
പടരുന്നിതാ.....



സ്നേഹമൊരു മാരുതനായ്
ഒഴുകുന്നിതാ.....

സ്നേഹമൊരു താരകമായ്
അലയുന്നിതാ.....
സ്നേഹമൊരു പറവയായ്
ഉയരുന്നിതാ.....

സ്നേഹമൊരു ദീപമായ്
വിളങ്ങുന്നിതാ.....
സ്നേഹമൊരു വിങ്ങലായ്
മാറുന്നിതാ.....

സ്നേഹമൊരു പുഷ്പമായ്
വിടരുന്നിതാ.....
സ്നേഹമൊരു സംഗീതമായ്
അലിയുന്നിതാ.....

സ്നേഹമൊരു പട്ടമായ്
ഉയരുന്നിതാ.....

# ശ്രീ ആയവൾ



ക്രിസ്റ്റീന ജോണി
(10A)

നേരം പുലരുന്നതിനുമുൻപ് അവൾ

ഉണർന്ന് തന്റെ ജോലികളിലേക്ക്

സമയം ഒട്ടും വൈകിക്കാതെ നീങ്ങി.

"ശ്രീദേവി ..... ശ്രീദേവി...."

"എന്തുട്ടാ അമ്മൂമ്മേ"!

മനുഷ്യന്റെ ജോലിയൊന്ന് തീർക്കാൻ വിടൂലാന്ന് വച്ചാ. 'എന്റെ ഭഗവാനേ'

എന്താ കാര്യം?

ദേവൂ, "നീ എന്റെ കാലൊന്ന് തിരുമ്മിത്താ,നല്ല വേദന....."

തിരുമ്മീട്ട് എങ്ങനെയുണ്ട് ?

"ആ നല്ല ആശ്വാസണ്ട്. മോള് പൊയ്ക്കോ." " ശരി ഇനി ഞാൻ പോട്ടെ. പണി തീർത്തിട്ടു വേണം,ഇനി എനിക്ക് ജോലിക്ക് പോകാൻ." "പാവം എന്റെ മോള്."

അമ്മൂമ്മ നെടുവീർപ്പിട്ടു.

ആ വൃദ്ധ ചിതലരിക്കുന്ന ആ ഓർമ്മകളിലേക്ക് മനസ്സിനെ കടത്തി വിട്ടു. ശ്രീദേവി ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടി മുട്ടിക്കാൻ പാടുപെടുന്നു. കടുത്ത മദ്യപാനത്തിന് അടിമ ആയ അച്ഛൻ. മാനസിക സമ്മർദ്ധം മൂലം മനോനില തെറ്റിയ അമ്മ.



വേദനയും നൊമ്പരവും നിറഞ്ഞ ജീവിതം. അവൾക്ക് ആശ്വാസമാകാൻ അമ്മൂമ്മ മാത്രമേ ഉണ്ടായി രുന്നുള്ളൂ. മുത്തശ്ശിക്ക് അവളും.

വർഷങ്ങൾക്കു മുൻപ് അവളുടെ ജീവിതം സന്തോഷവും സമാധാനവും നിറഞ്ഞതായിരുന്നു.എവിടെയും ഒന്നാമതായിരുന്നു. ക്ലാസിലും,മത്സരങ്ങളിലും...... എല്ലാം ശ്രീദേവി; എല്ലാവരുടെയും പൊന്നോമന. ഉപരിപഠനത്തിനായി അവൾക്ക് അമേരിക്കയിൽ പോകാൻ അവസരം ലഭിച്ചു. എന്നാൽ വിധി അവൾക്ക് കാത്തുവച്ചത് അതല്ലായിരുന്നു. അവൾ സാധനങ്ങൾ വാങ്ങുന്നതിനായി കടയിൽ പോയി. തിരിച്ചുവരുമ്പോൾ റോഡ് മുറിച്ചു കടക്കുന്നതിനിടയിൽ മദ്യപിച്ച് വാഹനം ഓടിച്ച ആളുടെ വണ്ടി അവളെ ഇടിച്ചു,അത് അവളുടെ ദേഹത്ത് പാഞ്ഞു കയറുകയും അവളുടെ ഇടത്തെ കാൽ മുറിഞ്ഞ് പോവുകയും ചെയ്തു. ഇതോടെ അവളുടെ മാതാപിതാക്കൾ തകർന്നു. എങ്കിലും അവൾ കുറേയേറെ ഉൾക്കൊണ്ടു. മകളുടെ ഈ അവസ്ഥ കണ്ട് അവളുടെ അച്ഛൻ മദ്യപാനിയായി. അമ്മയുടെ മനോനില തെറ്റി. ദിവസം തോറും ജീവിതം ദുസ്സഹമായിത്തീർന്നു. അവളുടെ അവസരം നഷ്ടമായി. ജീവിതത്തിൽ ഉപജീവനത്തിന് മുന്നോട്ടുപോകാനായി അവൾ വീട്ടുജോലിക്ക് പോയി. എന്നാൽ ആരും അവളെ സ്വീകരിച്ചില്ല. അവൾ പിച്ചതെണ്ടേണ്ട അവസ്ഥ.

സന്മനസ്സുള്ള ഒരാൾ അവൾക്ക് അയാളുടെ ഓഫീസിൽ ചെറിയ ഒരു ജോലി നൽകി. അവൾ അതുകൊണ്ട് കുടുംബം പോറ്റി. അവളുടെ ഹൃദയത്തിലെ അടങ്ങാത്ത കനൽ ജീവിതവഴികളിൽ അവളെ നയിച്ചു. അവളുടെ ഈ ധൈര്യവും ആത്മവിശ്വാസവും കണ്ട ഒരു ധനികനായ ആൾ അവൾക്ക് വീണ്ടും ഉപരിപഠനത്തിന് അവസരം ഒരുക്കി. ജീവിതത്തിൽ പുതു നാമ്പുകൾ പൊട്ടി. അച്ഛൻ സാവധാനം മദ്യപാനം നിറുത്തി. അമ്മ വീണ്ടും പഴയ പോലെയായി. അവരുടെ ജീവിതം സന്തോഷം നിറഞ്ഞു. ശ്രീദേവിയുടെ ആത്മധൈര്യം എന്നേ തകർന്നുപോകാമായിരുന്ന അവളെ ഉയർത്തി. ഈ ആത്മവിശ്വാസം എങ്ങനെ ലഭിച്ചു എന്നുചോദിച്ചാൽ അവൾ പറയും,

"ഹൃദയത്തിൽ അടങ്ങാത്ത കനലുണ്ടെങ്കിൽ കെടുത്താൻ ആർക്കും പറ്റില്ല".ഈ വിശ്വാസം ജീവിതവഴികളിൽ അവളെ നയിച്ചു.



# കണിക്കൊന്ന



അനൈന സണ്ണി
(9A)

മനോഹരമായ പ്രദേശം. വിശാലമായ കളിമുറ്റമുള്ള സ്കൂൾ. തണുത്ത കാറ്റത്ത് പാറിപറക്കുന്ന തുമ്പികൾ. ആ തുമ്പികൾക്കു പിറകെ ഓടികളിക്കുന്ന കുട്ടികൾ. പെട്ടെന്ന് ബെൽ അടിച്ചു.

അസംബ്ലിക്കായി കുട്ടികൾ എല്ലാവരും നിന്നു. ഹെഡ്മാസ്റ്റർ കുട്ടികളോട് സംസാരിക്കാൻ തുടങ്ങി. അമ്മുവും അവളുടെ കൂട്ടുകാരും ഏഴാം ക്ലാസിലാണ്. അതിനാൽ അവർ ഈ അധ്യയനവർഷം കഴിഞ്ഞാൽ ഈ യു.പി സ്കൂൾ വിട്ടു പോകേണ്ടിവരും. ഹെഡ്മാസ്റ്റർ പറഞ്ഞതും അതിനെ കുറിച്ചായിരുന്നു. ഈ സ്കൂളിൽ നിന്നു എത്രപേർ പോയാലും നിങ്ങളുടെ ഓർമ്മ സൂക്ഷിക്കുന്ന ഒന്ന് ഇവിടെ അവശേഷിപ്പിച്ചിട്ടേ പോകാവൂ. അമ്മു അതിനെക്കുറിച്ച് ഒരുപാട് ചിന്തിച്ചു. എന്താണ് താൻ സ്കൂളിൽ അവശേഷിപ്പിച്ചിട്ട് പോവുക? ഒരുപാട് നേരത്തെ ആലോചനകൾ കുശേഷം അവൾ ഒരു

കാര്യം മനസ്സിലുറപ്പിച്ചു. പക്ഷേ അവൾ അതാരോടും പറഞ്ഞില്ല. അങ്ങനെ ഫൈനൽ പരീക്ഷ കഴിഞ്ഞ ദിവസം അവൾ സ്കൂൾ ഗ്രൗണ്ടിന്റെ ഒരു ഭാഗത്തേക്ക് നടന്നു. അവിടെ നല്ലൊരു സ്ഥലം കണ്ടു പിടിച്ചു. എന്നിട്ട് അവളുടെ ബാഗിന്റെ ഉള്ളിൽ നിന്ന് നല്ലൊരു മരത്തൈ അവൾ പുറത്തെടുത്തു. അവൾ അത് അവിടെ കുഴിച്ചിട്ടു. അതൊരു കണിക്കൊന്നയായിരുന്നു.

അന്ന് വൈകുന്നേരം വീട്ടിൽ എത്തിയപ്പോൾ അവൾ നല്ല ഉത്സാഹത്തിലായിരുന്നു. പിറ്റേന്ന് തൊട്ട് അവധി യാണെങ്കിലും, അവൾ സ്കൂൾ വരെ പോയി തൈക്കുവെള്ള മൊഴിച്ച് മടങ്ങിവരും. ഇങ്ങനെ എല്ലാകാലത്തും അവളുടെ ഓർമ്മ നിലനിർത്തിക്കൊണ്ട് ആ കണിക്കൊന്ന വിഷു ക്കാലത്ത് പൂത്തു,ആ സ്കൂൾ മുറ്റത്തെ അലങ്കരിച്ചു. അതിനുചുറ്റും തുമ്പികൾ പാറി പറന്നു................



# സൗഹൃദം




നീവ ജോർജ്
(9A)

ആദ്യ സ്കൂൾ ദിനം. വിദ്യാലയം നിറയെ പൂമ്പാറ്റകളെ പ്പോലെ പാറിനടക്കുന്ന കുട്ടികൾ. ആദ്യദിവസം തന്നെ അമ്മു,അനഘ, അനശ്വര എന്നീ മൂന്നു കുട്ടികൾ സുഹൃത്തുക്കളായി.

മൂവരും നാലാം ക്ലാസിൽ ഒരേ ബെഞ്ചിൽ, വർണ്ണ പകിട്ടാർന്ന ജീവിതമായിരുന്നു പിന്നീടവർക്ക്. ഓരോ ദിനവും പരസ്പരം പങ്കുവച്ചും കളിച്ചും ചിരിച്ചും നടക്കുക യാണവർ. ഒരു അപ്പൂപ്പൻതാടി കാറ്റിൽ പറന്നുകളിക്കും പോലെ. ഇവരിൽ അനഘ മാത്രം പഠനത്തിൽ പുറ കോട്ടായിരുന്നു. മിക്ക ദിവസങ്ങളിലും അവൾക്ക് വഴക്ക് ഉറപ്പായിരുന്നു. അവൾക്ക് അച്ഛനും അമ്മയും ഉണ്ടായി രുന്നില്ല. അവൾ ഒരു അനാഥമന്ദിരത്തിലാണ് താമസി ച്ചിരുന്നത്. ഇപ്പോൾ അവൾ തന്റെ മാതാപിതാക്കളുടെ സ്ഥാനത്ത് അവളുടെ കൂട്ടുകാരെയാണ് കണ്ടിരുന്നത്. അമ്മുവും അനശ്വരയും പഠനത്തിൽ അവളെ സഹായിച്ചു. അങ്ങനെ മാസങ്ങൾക്കുശേഷം അവരെപ്പോലെ അന ഘയും പഠനത്തിൽ വളർന്നു. എല്ലാ കുട്ടികൾക്കും അധ്യാ പകർക്കും ആശ്ചര്യമായി അങ്ങനെ മൂവരും ആ വിദ്യാലയത്തിൽ

ഒരു ഉദ്യമം സൃഷ്ടിച്ചു. അങ്ങനെ സന്തോഷിച്ചിരുന്ന അവസരത്തിലാണ് അനഘയെത്തേടി ആ വാർത്ത വന്നത്. തീർത്തും വേദനാജനകമായിരുന്നു അവൾക്ക് അത്. അനാഥമന്ദിരത്തിൽ താമസിച്ചിരുന്ന അവളെ ദത്തെടുക്കാ നായി ഒരു കുടുംബം വന്നിരിക്കുന്നു. ഒരു അനാഥക്കുട്ടിയെ സംബന്ധിച്ചിടത്തോളം അത് വളരെ സന്തോഷകരമാണ്. എന്നാൽ തന്റെ ജീവന്റെ ജീവനായ ആ രണ്ടു കൂട്ടുകാരെയും വിട്ടുപിരിയാൻ അവൾക്ക് കഴിയുമായിരുന്നില്ല. ആ വാർത്ത അറിഞ്ഞ ആ ദിവസം രാത്രി അവൾ തീരേ ഉറങ്ങിയില്ല. നേരം വെളുത്തപ്പോൾതന്നെ അനഘ വികാരിയച്ചന്റെ പക്കൽ ചെന്ന് തനിക്ക് അവരുടെ കൂടെ പോകാൻ ഇഷ്ടമല്ലെന്ന് അവൾ അറിയിച്ചു. കരഞ്ഞുപറഞ്ഞിട്ടും ആ തീരുമാനം മാറ്റാൻ സാധിച്ചില്ല. അമ്മുവിനും അനശ്വരയ്ക്കും ആ വാർത്ത സഹിക്കാൻ സാധിച്ചില്ല. അങ്ങനെയിരിക്കെ ഇരുവരും അവളെ ദത്തെടുക്കാൻ തീരുമാനിച്ചിരുന്ന ആ കുടുംബത്തെ ചെന്നുകണ്ട് അവരുടെ വിഷമങ്ങൾ പറഞ്ഞു . ആ സമയം അമ്മു പറഞ്ഞു അനഘയെ തന്റെ വീട്ടിൽ താമസിച്ചു കൊള്ളാമെന്ന്. എന്നാൽ അതും അവർ സമ്മതിച്ചില്ല. ഇവരുടെ സംസാരം കേട്ട അച്ഛൻ, ആ കുടുംബത്തെ പറഞ്ഞ് മനസ്സിലാക്കി. അങ്ങനെ നിരന്തരമായ പരിശ്രമത്തിനൊടുവിൽ അവർക്ക് തങ്ങളുടെ അനഘയെ തിരിച്ചുകിട്ടി. ആ സൗഹൃദത്തിൽ സ്നേഹത്തിന്റെ നറുമണം സഞ്ചരിച്ചുകൊണ്ടേയിരുന്നു.......

# അമ്മ



സാന്ദ്ര മാത്യു
(9A)

അന്ന് ഒരു വെള്ളിയാഴ്ച്ച. രാവിലെ മാനത്ത് തറവാട്ടിൽ ഒരു കുഞ്ഞിന്റെ കരച്ചിൽ ഉണർന്നു. മാധവനും രേവതിക്കും പിറന്ന പൊന്നോമന പുത്രി. അവർ അവൾക്ക് മാളവിക എന്ന പേരുനൽകി. സ്നേഹത്തോടെ മാളു എന്നു വിളിച്ചു. അവൾ വളർന്നു. അച്ഛന്റെയും അമ്മയുടെയും സ്നേഹത്തണലിൽ അവളുടെ കുട്ടിക്കാലം കഴിഞ്ഞു. ഒരു മഴയുള്ള രാത്രി അച്ചുതൻ നായർ [illegible]യും ചൂടി മാനത്ത് തറവാടിന്റെ മുറ്റത്തേക്ക് ഓടി[illegible]. മാളു തോണി ഉണ്ടാക്കി കളിക്കുകയായിരുന്നു. അയാൾ "രേവതി , രേവതി" എന്നു വിളിച്ചു കൂകി. അയാൾ ഒന്നേ അവളോടു പറഞ്ഞൊള്ളു, "അങ്ങാടിയിൽ നടന്ന കാറപകടത്തിൽ മാധവൻ...... പിന്നെ രേവതിക്ക് ബോധം വന്നത് പിറ്റേന്നാണ്. അവൾക്ക് ഒന്നേ അറിയാമായിരുന്നുള്ളൂ. തനിക്ക് തന്റെ ഭർത്താവിനെ നഷ്ടമായിരിക്കുന്നു. മാളുവിന് അവളുടെ അച്ഛനെയും. പിന്നീട് മാളുവിനെ നോക്കിയതും പഠിപ്പിച്ചതും എല്ലാം അവളുടെ അമ്മയാണ്.

അവൾക്ക് അച്ഛനും അമ്മയും അമ്മയായിരുന്നു. അമ്മ അവളെ ജീവനുതുല്യം സ്നേഹിച്ചു. അങ്ങനെ അവൾ പട്ടണത്തിൽ പഠിക്കാൻ പോയി. ലീവിന് വീട്ടിൽ വന്ന മകളെ കണ്ട അമ്മ ട്ടി. അവളുടെ നീണ്ട നല്ല ഉള്ളുള്ള മുടി പറ്റെ വെട്ടിയിരിക്കുന്നു. കയ്യിലും കാലിലും പച്ച കുത്തി. അവളുടെ മാളു ആകെ മാറിപ്പോയിരുന്നു. പിന്നീടുള്ള മാളുവിന്റെ ജീവിതം വളരെ അധികം വ്യത്യസ്തമായിരുന്നു. അവൾ അമ്മ പറഞ്ഞത് ഒന്നും തന്നെ ഗൗനിച്ചില്ല. അമ്മയെ ആട്ടുകയും തുപ്പുകയും അടിക്കുകയും ചെയ്തു. എന്നിട്ടും അമ്മ അവളുടെ കാര്യങ്ങളൊക്കെ നോക്കി. ഒരിക്കൽ രേവതി മാളുവിനെ ഒരു ചെറുപ്പക്കാരന്റെ കൂടെ ബൈക്കിൽ കണ്ടു. രേവതിയുടെ നെഞ്ചു തകർന്നു. ഇനി എന്തു ചെയ്യണമെന്ന് അവൾക്ക് ഒരു എത്തും പിടിയും കിട്ടിയില്ല. അവൾ തന്റെ മകളെ ഉപദേശിച്ചു. പക്ഷേ പ്രയോജനമുണ്ടായില്ല. കാലങ്ങൾ കഴിഞ്ഞു. മാളുവിന്റെ സ്ഥിതി തുടർന്നു. ഒരിക്കൽ മാളു എഴുന്നേറ്റ്, അമ്മയെ വിളിച്ചു. ഒരു വട്ടമല്ല പലവട്ടം. പക്ഷേ പ്രയോജനമുണ്ടായില്ല. അവൾ ഉമ്മറത്തേക്കിറങ്ങി നോക്കിയപ്പോൾ അമ്മ ദേ അവിടെ നിലത്ത്. അമ്മയ്ക്ക് ശ്വാസമില്ല. അമ്മ ഇനി ഇല്ല. അവൾക്ക് വിശ്വസിക്കാനായില്ല. അപ്പോൾ അവളുടെ കണ്ണു തുറന്നു. അവൾ പഴയ കാലങ്ങൾ ഓർത്തു. അച്ഛന്റെ കുറവറിയിക്കാതെ തന്നെ വളർത്തിയ അമ്മ, ഇന്ന് ജീവനോടെയില്ല ചെയ്ത കാര്യങ്ങളോർത്ത്

അവൾക്ക് തന്നോടുതന്നെ വെറുപ്പ തോന്നി. പിന്നീട് അവൾ സത്യത്തിന്റെ മാർഗത്തിൽ ചലിച്ചു. അവൾ അമ്മയുടെ പാത പിന്തുടർന്നു. ഇന്ന് അവൾ ലോകമറിയുന്ന ഒരു കഥാകൃത്തായി മാറി. അവളുടെ 'അമ്മ' എന്ന കഥ പുരസ്കാരം ഏറ്റുവാങ്ങി.





# പുസ്തകങ്ങൾ



ഡെൽന എലിസബത്ത്
(9A)

അറിവിന്റെ വാതായനങ്ങൾ നമുക്ക് മുൻപിൽ തുറന്നിടുന്ന അക്ഷയ നിധി കളാണ് പുസ്തകങ്ങൾ. ഒരു വിദ്യാർത്ഥി അവന്റെ അറിവിന്റെ ലോകം വികസി പ്പിക്കുന്നതിനായി കടന്നുചെല്ലേണ്ട ഒരു ഇടം, അത് പുസ്തകങ്ങളാണ്. ഏതുവിഭാഗത്തിൽപ്പെട്ട മനുഷ്യനാണെങ്കിലും ഏതു പ്രായക്കാരനാണെങ്കിലും വായന എന്നത് ഒരു രസകരമായ ഹോബിയാക്കി മാറ്റാവുന്നതാണ്. ജീവിതത്തിന്റെ ഭാഗമാക്കിമാറ്റിയാൽ ഒരിക്കലും വിട്ടുപിരിയാത്ത ഒരു സുഹൃത്തായി, എന്നും മൂല്യമുള്ള അറിവിനെ സമ്മാനമായ് നൽകുന്ന ഒരു വ്യക്തിയായി പുസ്തകങ്ങൾ മാറുന്നു. ഈ സത്യം മനസ്സിലാക്കിയ നെപ്പോളിയൻ ഒരിക്കൽ പറയുകയുണ്ടായി "കൈയ്യിൽ ഒരു വാളും പോക്കറ്റിൽ ഹോമറിന്റെ ഒരു പുസ്തകവുമുണ്ടെങ്കിൽ ഞാൻ എന്റെ വഴി വെട്ടിതെളിക്കും"

ജീവിതത്തിൽ,നമ്മൾ താണ്ടുന്നപാതകളിൽ വഴിവിള ക്കായി പുസ്തകങ്ങൾ മാറുന്നു. അതെ അറിവിന്റെ വിസ്തൃതമായ വിഹായസ്സിലേക്ക് ഒരു വിഹംഗത്തെപോലെ പറന്നുയരുവാൻ പുസ്തകങ്ങൾ നമുക്ക് ചിറകുകൾ സമ്മാനിക്കുന്നു.


ഇന്നത്തെ സമൂഹം എല്ലാ മേഖലയിലും



മുന്നിട്ടുനിൽക്കുന്നവരാണ്. എന്നാൽ ഒരു പോരായ്മ, പുസ്തകങ്ങൾ അവരുടെ സുഹൃത്തല്ല, അതുകൊണ്ട് തന്നെ ലോകപരിചയം എന്നത് പലർക്കുമില്ല. "ഒരു ഗ്രന്ഥശാലയുടെ നാലു ചുവരിനുള്ളിൽ ഒരു വിദ്യാർത്ഥിക്ക് അവന്റെ ലോകം കണ്ടെത്താനാകും" എന്ന് ലോങ്ഫെല്ലോ പറഞ്ഞുവെയ്ക്കുന്നു. എന്നാൽ ഇന്നത്തെ വിദ്യാർത്ഥികൾ സ്മാർട്ട്ഫോൺ അല്ലെങ്കിൽ ലാപ്ടോപ്പ് എന്ന ചതുരക്കട്ടയിലാണ് തങ്ങളുടെ ലോകം കണ്ടെത്തുന്നത്.അതിനാൽ മൂല്യബോധമുള്ള ഒരു തലമുറയാണ് നമുക്ക് നഷ്ടപ്പെടുന്ന ത്.ഈയടുത്ത ദിവസത്തെ ഹർത്താലിൽ ഹർത്താൽ അനുകൂലികൾ തീവെച്ച നശിപ്പിച്ചത് ഒരു ഗ്രന്ഥശാലയാ ണ്.അറിവിന്റെ ഒരു ശേഖരത്തെ തീവെച്ച് നശിപ്പിച്ച ഈ സാമൂഹികദ്രോഹികൾ വാഴുന്ന സമൂഹത്തിന്റെ ഗതിയും ഇതുതന്നെയാണ്.വിദ്യാർത്ഥികളിൽ വായനാശീലം നിറ ക്കുവാൻ,പുസ്തകങ്ങളെ ചങ്ങാതിയാക്കാൻ പ്രേരിപ്പിക്കേണ്ട മാതാപിതാക്കൾ പോലും ഇന്ന് സ്മാർട്ട്ഫോണിന് അടിമയാണ്.

പ്രിയമുള്ളവരെ, വിലയേറിയ രത്നങ്ങളെക്കാൾ, സ്വർ ണ്ണത്തേക്കാൾ മൂല്യമുള്ള അറിവിനെ നിറച്ചുവെച്ചിരിക്കുന്ന മുത്തുചിപ്പികളാണ് പുസ്തകങ്ങൾ. അതുപോലെ ചില പുസ്തകങ്ങൾ നമ്മെ തെറ്റായ വഴിയിൽ സഞ്ചരിക്കാൻ പ്രേരിപ്പിക്കും. ഇത്തരത്തിലുള്ള പുസ്തകങ്ങളെ ഉപേക്ഷിച്ച് നല്ലതിനെ തിരഞ്ഞെടുത്ത് കൊള്ളാത്തതിനെ ഉപേക്ഷിച്ച് അറിവിന്റെ പടവുകൾ ചവിട്ടി കയറുവാൻ പുസ്തകങ്ങൾ നമുക്ക് കരുത്തേകും.

# കേരള ബ്ലാസ്റ്റേർസ്



ഷോൺ മാത്യു (9A)

കേരള ബ്ലാസ്റ്റേർസ്.ആരാധകരുടെ മനസ്സിൽ എന്നും നിറഞ്ഞു നിൽക്കുന്ന ടീം. ലോകത്തെവിടെ പോയാലും അവിടെ ഒരുമലയാളി ഉണ്ടാകുമെന്ന് പറയുന്നതുപോലെ ഇന്ത്യയിലെല്ലായിടത്തുമുണ്ടാകും ഒരു കേരള ബ്ലാസ്റ്റേർസ് ആരാധകൻ. ഐ.എസ്.എല്ലിൽ ഏറ്റവും കൂടുതൽ ആരാ ധകരുള്ള ടീം കേരള ബ്ലാസ്റ്റേർസ് ആണ്. ഇടയ്ക്ക് മോശം പ്രകടനം കാരണം പിന്നോക്കം വന്ന കേരള ബ്ലാസ്റ്റേർസ് കോച്ച് ഡേവിഡ് ജെയിംസിന്റെ മാറ്റത്തോടെ തിരികെ വന്നിരിക്കുന്നു. ചാരത്തിൽനിന്നെഴുന്നേറ്റു വരുന്ന ഫിനിക്സ് പക്ഷിയെപോലെ കേരള ബ്ലാസ്റ്റേർസ് ഉയരത്തിലേക്ക് പറന്നുയരുന്നു. ആ പറന്നുയർച്ച ഫൈനൽ ആണ് കേരള ബ്ലാസ്റ്റേർസിന്റെ ലക്ഷ്യം. മറ്റു ടീമുകളെയെല്ലാം പിന്തള്ളി ലക്ഷ്യത്തിലെത്താൻ കേരള ബ്ലാസ്റ്റേർസിന് പറ്റുമെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അത് കേരളയ്ക്കു പറ്റുമെന്നു വിശ്വസിക്കുന്നു.



# പക്ഷിയോട്

എന്താണ് നിന്റെയീ പാട്ടിൽ ?
നിന്നമ്മയോടുള്ള പരാതിയാണോ ?
ഉഗ്രമൂർത്തിയാം സൂര്യനെ വാഴ്ത്തുന്നതോ?
സൗഹൃദത്തിൻ ചിരി മധുരമാണോ?
മാനുഷരോടുള്ള ദേഷ്യമാണോ?

ആരുണ്ട് കേൾക്കുവാൻ നിന്റെയീ പാട്ടുകൾ ?
ആരുഗ്രഹിക്കുവാൻ നിൻമൃദു രോദനം?
ഏകനായ് മാറുന്ന മാനുഷനോ?
അതോ എല്ലാമറിയുന്നൊരീശ്വരനോ?

നന്ദു കൃഷ്ണ
(10E)

# എന്റെ കണ്ണൂർ



ജിലു കെ.മാണി
(അധ്യാപിക)

കാവുകളുടെയും തെയ്യങ്ങളുടെയും തറികകളുടെയും നാടായ കണ്ണൂർ ഇന്ന് അന്താരാഷ്ട്രം എന്ന തലത്തിലേയ്ക്ക് ഉയർന്നിരിക്കുന്നു. സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ ഏറെ സവിശേഷതകൾ സ്വന്തമായുള്ള ജില്ലയാണ് കണ്ണൂർ. ലോക ഭൂപടത്തിൽ ഇന്ന് കണ്ണൂർ സ്ഥാനം പിടിച്ചിരിക്കുന്നു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം നാടിനു സമർപ്പിക്കപ്പെട്ടു. ഓരോ കണ്ണൂർക്കാരനും അഭിമാനിക്കാം. ഒരു കാലത്ത് കണ്ണൂർ എന്ന് പറയുമ്പോൾ ആളുകൾ നടുങ്ങിയിരുന്നു. കാരണം ബോംബായിരുന്നു നമ്മുക്ക് സ്വന്തമായി ഉണ്ടായിരുന്നത്. അക്രമങ്ങളും കൊലപാതകങ്ങളും ജില്ലയിലെങ്ങും അരങ്ങേറിയിരുന്നു. അങ്ങനെ കണ്ണൂർക്കാർ ഏവർക്കും ഒരു പേടിസ്വപ്നമായി മാറി.

വർഷങ്ങൾ കടന്നുപോയി.കണ്ണൂർ ജില്ല വികസന ത്തിന്റെ പാതയിൽ മുന്നേറ്റം തുടങ്ങി. വിദ്യാഭ്യാസ നിലവാരം ഉയർന്നു. ജില്ലയിലെ പല സ്കൂളുകളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരുവാനുള്ള പണിപ്പുരയിലാണ്.

അങ്ങനെ എന്റെ കണ്ണൂരിന്റെ ചിത്രം മാറിക്കൊണ്ടിരിക്കുന്നു.

# കനലെരിയുമ്പോൾ.....



ലൗലി കെ.വി
(അധ്യാപിക)

എനിക്കും എന്റെ കുഞ്ഞുങ്ങൾക്കുമിടയിൽ
മതിലുകൾ തീർത്തതാരാണ്?
ഗുരുത്വവും കുരുത്തക്കേടുകളും ഏറ്റുമുട്ടുമ്പോൾ
വിജയിക്കുന്നതാരാണ്?
നമ്മുടെ ലോകത്തെ 'എന്റെ' യും 'നിന്റെ' യും
ആക്കി ചുരുക്കിയതാരാണ്?
അന്യമായ സ്നേഹത്തെ നഷ്ടങ്ങളെ
ആരു തിരിച്ചുനൽകും?
നിസഹായമാക്കപ്പെടുന്ന മനസുകളിൽ
പുഞ്ചിരിയുടെ വസന്തം
തീർക്കുന്നതാരാണ്?
അക്ഷരങ്ങൾക്കും അറിവിനുമിടയിൽ
'സ്നേഹമതിൽ'
നഷ്ടമായതെവിടെയാണ്?
മനസും മനസും സംവദിച്ച സ്നേഹഭാഷ
എവിടെയാണ് അന്യമായത്?

വീണ്ടും സ്നേഹമതിൽ തീർത്ത് ഒന്നാവാൻ

തടസ്സം നിൽക്കുന്നതാരാണ്?

കാര്യകാരണങ്ങളെ ഭിന്നിപ്പിച്ച് കണക്കിന്റെ-

കണക്കുകൂട്ടലുകളുടെ-

ലോജിക് തെറ്റിച്ചതാരാണ്?

അടികൾ തിരിച്ചറിവായ് തീർന്ന് വീണ്ടും നാം എന്നാണ്

ഉയിർപ്പിന്റെ സംഗീതം നണയുക?

എരിയുന്ന കനലുകളിൽ നിന്നുയരുന്ന പ്രകാശനാളം

എന്നാണ് ജ്വാലയായി പടരുക?

'ഞാനും' 'ഞാനും' ആയി 'നമ്മളാ'യി ജ്വലിക്കട്ടെ

വീണ്ടുമുയരട്ടെ വാനോളം!

പേരാവൂർ സെന്റ് ജോസഫ് സ് ഹയർ സെക്കന്ററി സ്കൂൾ അന്നും ഇന്നും






സെന്റ് ജോസഫ് സ് ഹൈസ്കൂൾ
പേരാവൂർ

പ്രസിദ്ധീകരണം ,

സെന്റ് ജോസഫ് സ് എച്ച് എസ് എസ് പേരാവൂർ

ലിറ്റിൽകൈറ്റ്സ് ടീം

